കേരള പ്രൈവററ്

# കോളേജ് ടീച്ചർ



മാനദണ്ഡത്തിന്റെ അടിസ്ഥാനത്തിൽ സ്ഥലംമാററങ്ങളും നടത്തണമെന്നാവശ്യപ്പെട്ട് എസ്. എൻ. ട്രസ്ററു പടിക്കൽ എ കെ പി സി ടി എ നടത്തിയ 48 മണിക്കൂർ ഉപവാസ സത്യഗ്രഹം

AKPCTA

No. 110
March '93

# എ കെ പി സി ടി എ

## 35–ാം സംസ്ഥാന സമ്മേളനം

മാർച്ച് 27, 28
മാമൻ മാപ്പിളഹാൾ
കോട്ടയം

സ്വാഗതസംഘം

ചെയർമാൻ : ടി. കെ. രാമകൃഷ്ണൻ. എം. എൽ. എ.
ജനറൽ കൺവീനർ: : പ്രൊഫ. പി. ജെ. ഫിലിപ്പ്.

| കമ്മററികൾ | ചെയർമാൻ | കൺവീനർ |
|---|---|---|
| 1 ഫിനാൻസ് | കെ. സുരേഷ്കുറുപ്പ്. | കെ. സദാശിവൻ നായർ |
| 2 പബ്ളിസിററി | കെ. പി. സുഗുണൻ | ഇ. പി. മാത്യു |
| 3 പ്രോഗ്രാം | സി. പി. പുരുഷോത്തമൻ | മോഹൻ കുര്യൻ |
| 4 ഫുഡ് | ആർ. കെ. മേനോൻ | ടി. സി. രവീന്ദ്രനാഥ് |
| 5 അക്കോമഡേഷൻ | എ. എസ്. ഇന്ദുശേഖരൻ | കെ. ജെ. ജോൺ |
| 6 വോളൻറിയർ | പി. ജെ. പത്രോസ് | കെ. മാത്യു |
| 7 സ്റേറജ്&മീററിംഗ് | കെ. എൻ. രമണൻ | വർഗ്ഗീസ് തോമസ് |

# 1993 മാർച്ച് 27 ന് വൈകിട്ട് പ്രകടനം

**ഒരാഴ്ച നീണ്ടുനില്ക്കുന്ന വിവിധസെമിനാറുകൾ മതസൗഹാർദ്ദ സെമിനാർ, ആർ. ആർ. സി. എൻഡോവ്മെൻറ് ലക്ചർ, പൊതുസമ്മേളനം, ക്ഷേമനിധി വിതരണം, യാത്ര അയപ്പ് സമ്മേളനം, സംഘടനാ തെരഞ്ഞെടുപ്പ്**

**എൻ. റാം, ഇ.കെ. നായനാർ, എം. എം. ലോറൻസ്, പി. ജെ. ജോസഫ്, ബിഷപ്പ് പൗലോസ് മാർ പൗലോസ്, വി. അരവിന്ദാക്ഷൻ തുടങ്ങിയവർ പങ്കെടുക്കുന്നു.**

# കോട്ടയത്തെത്തുമ്പോൾ

എക്കാലത്തും എ കെ പി സി ടി എ പ്രവർത്തനങ്ങളുടെ സിരാകേന്ദ്രമായിരുന്നിട്ടുള്ള കോട്ടയത്ത് വീണ്ടും നമ്മൾ ഒത്തുകൂടുകയാണ്. മാർച്ച് 27, 28 തീയതികളിൽ നടക്കുന്ന 35–ാം സംസ്ഥാനസമ്മേളനം സുപ്രധാനമാണ്. 1958 ലാണ് എ കെ പി സി ടി എ രൂപം കൊള്ളുന്നത്. അന്നത്തെ അധ്യാപകൻെറ ദുരവസ്ഥ നമുക്കറിയാം. അവിടെ നിന്നിങ്ങോട്ട് നിരന്തരപോരാട്ടങ്ങളായിരുന്നു. മാനേജുമെൻറുകളും സർക്കാരുകളുമായി നേർക്കുനേർനിന്നു നടത്തിയ സമരത്തിൻെറ നാളുകൾ. നിരവധി അധ്യാപകർ പിരിച്ചുവിടപ്പെട്ടു. സസ്പെൻഷനുകളും ട്രാൻസ്ഫറികളും കോടതിക്കേസുകളുമെല്ലാമുണ്ടായി. അതെല്ലാം നമ്മൾ അതിജീവിച്ചു; വിജയിച്ചു. ഇന്നധ്യാപകൻ സ്വതന്ത്രനാണ്. നേട്ടങ്ങളുടെ പരമ്പര തന്നെയുണ്ട് പക്ഷേ............

തലയ്ക്കുമുകളിൽതീഗോളം പോലെ ഇന്നിതാ അപകടങ്ങളുടെ ചീറിപ്പായലുകൾ. നേടിയതെല്ലാം ഒററയടിക്കില്ലാതാകുന്ന ഭീദിതമായ അവസ്ഥ. 1958 നു മുമ്പ് 1932 ൽതൃശൂർ സെൻറ് തോമസ് കോളേജിൽ നിന്നും പ്രൊഫ. എം. പി. പോളിനെ പിരിച്ചുവിട്ടത് ഇപ്പോൾനമ്മളോർക്കുന്നു. ലോകത്തുണ്ടായ സാമ്പത്തിക മാന്ദ്യത്തിൻെറ പേരുപറഞ്ഞ് മാനേജുമെൻറ് അന്ന് അധ്യാപകരുടെ ശമ്പളത്തിൻെറ പത്തുശതമാനം വെട്ടിക്കുറച്ചു. മററെല്ലാ അധ്യാപകരും അത് അംഗീകരിച്ചപ്പോൾ പോൾസാറതിനെ എതിർത്തു. മാനേജുമെൻറുമായി എഴുത്തുകുത്തായി. ഒടുവിൽ പിരിച്ചുവിടലും. ആ പിരിച്ചുവിടലിനെക്കുറിച്ച് എം പി പോൾ ഒരു പുസ്തകമെഴുതിയിട്ടുണ്ട് Histoy of a cut അതിലദ്ദേഹം പറയുന്ന വാചകം ഇന്നും പ്രസക്തമാണ് ''Oh Economy how many frimes are committed in thy name!'' ഇന്നത്തെ നമ്മുടെ അവസ്ഥയും ഇതല്ലെ ? ഐ എം എഫും, ലോകബാങ്കും എഴുതികൊടുക്കുന്ന കാര്യങ്ങൾ ബഡ്ജററായി കേന്ദ്രസംസ്ഥാന സർക്കാരുകൾ കൊണ്ടുവരുന്നു. കേരള ബഡ്ജററ് നോക്കുക. സർവ്വീസ് മേഖലയെ സർക്കാർ കൈയൊഴിയുന്നുവെന്ന് ബഡ്ജററിൽ പച്ചയായി പറഞ്ഞിരിക്കുന്നു. പുത്തൻ സാമ്പത്തിക നയത്തിൻെറ വിദ്യാഭ്യാസരം

---

എഡിററർ : വി. എൻ. മുരളി, മാനേജിംഗ് എഡിററർ: കെ. പി. ദിവാകരൻനായർ
പത്രാധിപസമിതി ; ജോർജ് സെബാസ്ററ്യൻ, ടി. എൻ. രാമൻപിളള, പി. ജി. ചന്ദ്രശേഖരൻ നായർ, സി. ജെ. ശിവശങ്കരൻ, ഡോ. കെ. ബി. പവിത്രൻ, ജോർജ്, ഡോ. രാജേന്ദ്രൻ ജോണി കെ. ജോൺ ☐

ഗത്തെ മുഖമാണ് ഏകീകൃത സർവ്വകലാശാലാനിയമത്തിൽ നമുക്കു കാണാൻ കഴിയുക. കോളേജധ്യാപകൻെറ 'മാഗ്നാകാർട്ട'യായ യൂണിവേഴ്സിററി ആക്ടും അതിലെ എട്ടാം അധ്യായവുമെല്ലാം അട്ടിമറിക്കപ്പെട്ടിരിക്കുന്നു. സർവ്വകലാശാലാ ജനാധിപത്യം മഷിയിട്ടുനോക്കിയാൽപ്പോലും അതിൽ കാണാനില്ല. 'നോമിനേഷനാധിപത്യ'മാണ് പറഞ്ഞിരിക്കുന്നത്. ഇത് ആരുടെ താല്പര്യം സംരക്ഷിക്കാനാണ് ? പാദസേവകരെ കുത്തിനിറയ്ക്കാനുള്ള വേദികളായി സെനററും സിൻഡിക്കേററും മാറാൻ പോവുകയാണ്.

ഇതാണപകടം. ഇതുമാത്രമല്ല, പഴയ യജമാന ഭൃത്യബന്ധമെല്ലാം തിരിച്ചുകൊണ്ടുവരുവാനാണു ശ്രമം. ജാതിമതശക്തികളുടെ ഫാസിസ്ററു തന്ത്രങ്ങൾ സവർണ്ണ മേധാവിത്വമുള്ള ഒരിന്ത്യയെ പുനഃസൃഷ്ടിക്കാനാണ് കൊണ്ടുപിടിച്ചു ശ്രമിക്കുന്നത്. ഇതും നമ്മളറിയേണ്ടതുതന്നെ.

കോട്ടയത്ത് ഒത്തുചേരുമ്പോൾ ഇങ്ങനെ എന്തെന്തെല്ലാം ഗുരുതരമായ പ്രശ്നങ്ങളാണ് നമ്മളഭിമുഖീകരിക്കുക. പ്രശ്നങ്ങളുടെ ഗൗരവംതന്നെയാണ് സമ്മേളനത്തിൻെറ പ്രാധാന്യം വിളിച്ചുപറയുന്നത്. കോളേജധ്യാപകനെ ബാധിച്ചിരിക്കുന്ന ആലസ്യത്തിൽനിന്നും അവനുണർന്നേ മതിയാകൂ. അപകടം അവൻെറ പടിവാതില്ക്കലെത്തിയിരിക്കുന്നു. സംഘടനയും സംഘടിതശക്തിയും പതിന്മടങ്ങ് കരുത്താർജ്ജിക്കട്ടെ. പൊരുതിമുന്നേറിയ നമ്മുടെ പാരമ്പര്യം വർദ്ധിതവീര്യത്തോടെ പുനർജ്ജനിക്കട്ടെ.

കോട്ടയം സമ്മേളനം സിന്ദാബാദ്

എ കെ പി സി ടി എ സിന്ദാബാദ്.

## കോളേജദ്ധ്യാപകരെ തരം താഴ്താൻ അനുവദിക്കില്ല.

ഏകീകൃത സർവ്വകലാശാലാനിയമം നടപ്പിലാക്കുന്നതിൻെറ ഭാഗമായി അദ്ധ്യാപകരിൽ ഒരു വിഭാഗത്തെ കോളേജുകളിൽ നിന്നും മാററാനുള്ള നീക്കം യാതൊരു കാരണവശാലും അനുവദിക്കാൻ സാദ്ധ്യമല്ല. ഇന്ന് കോളേജുകളിൽ പ്രവർത്തിക്കുന്ന അദ്ധ്യാപകരെല്ലാം വർക്ക് ലോഡ്, യോഗ്യത എന്നിവ സംബന്ധിച്ച സർവ്വകലാശാലാനിയമങ്ങൾക്കും യു ജി സി നിബന്ധനകൾക്കും വിധേയരായി മാത്രം നിയമിക്കപ്പെട്ടവരാണ് എന്നിരിക്കെ ഇപ്പോൾ അവരിൽ ഒരു വിഭാഗത്തെ തരംതാഴ്ത്തുന്ന നടപടി യുക്തിക്കും നീതിക്കും നിരക്കുന്നതല്ല. നിലവിലുള്ള നിയമങ്ങൾക്കും ധാരണകൾക്കും വിരുദ്ധമായി അദ്ധ്യാപകരിൽ ഒരു വിഭാഗത്തെ കോളേജുകളിൽ നിന്നും മാററാൻ സർക്കാർ തയ്യാറാകുകയാണെങ്കിൽ ആ ശ്രമത്തെ എന്തു വിലകൊടുത്തും പരാജയപ്പെടുത്തുവാൻ എ. കെ. പി. സി. ടി. എ. പ്രതിജ്ഞാബദ്ധമാണ്.

ഏകീകൃത സർവ്വകലാശാലാ നിയമത്തിലൂടെ പഴയ പ്രീഡിഗ്രിബോർഡ് നടപ്പിലാക്കാൻ സർക്കാർ ഗൂഢ ശ്രമം നടത്തുകയാണ്. വിദ്യാഭ്യാസ മേഖലയിൽ നിന്നും പൊതുജനങ്ങളിൽനിന്നും അന്ന് അതിനുണ്ടായ പ്രതികരണം സർക്കാർ ഓർക്കുന്നത് നന്ന്. പത്തും ഇരുപതും വർഷം സർവ്വീസുള്ളവരുൾപ്പെടെ ഒരു വിഭാഗം അദ്ധ്യാപകരെ സർവ്വകലാശാലാതലത്തിൽ നിന്നും തരം താഴ്ത്താനുള്ള നീക്കത്തെ പരാജയപ്പെടുത്താൻ അനിശ്ചിത കാല പണിമുടക്ക് ഉൾപ്പെടെയുള്ള സമരപരിപാടികൾക്ക് തയ്യാറാകണമെന്ന് എല്ലാ കോളേജദ്ധ്യാപകരോടും ഞങ്ങൾ അഭ്യർത്ഥിക്കുന്നു.

കെ എൻ ഗണേശ്

# അക്കാദമികഭരണത്തിൻെറ വരേണ്യവൽക്കരണം

കേരളത്തിലെ സർവ്വകലാശാലാസെനററുകളെല്ലാം പിരിച്ചുവിടാൻ ഗവൺമെൻറ് തീരുമാനിച്ചിരിക്കുകയാണ്. ഏതാനും ദിവസങ്ങൾക്കകം ഏകീകൃതസർവ്വകലാശാലാ നിയമം ഓർഡിനൻസ് വഴി കൊണ്ടുവരാനുള്ള നീക്കങ്ങളും നടക്കുന്നു. പുതിയ സർവ്വകലാശാലാ നിയമത്തിൻെറ പേരിൽ കേരള സർവ്വകലാശാലാ സെനററ് തെരഞ്ഞെടുപ്പ് നടത്താതിരിക്കാനുള്ള ശ്രമം ഏതാനും മാസങ്ങൾക്കു മുമ്പുതന്നെ ആരംഭിച്ചിരുന്നു. ഗവൺമെൻറിൻെറ ഈ തീരുമാനം സർവ്വകലാശാലകളിലെ ജനാധിപത്യസംവിധാനത്തിൻെറ മരണമണിയാണെന്നതിൽ സംശയമില്ല.

നിലവിലുള്ള സർവ്വകലാശാലാ നിയമമനുസരിച്ച് സർവ്വകലാശാലയുടെ പരമാധികാര സമിതിയാണ് സെനററ്. കേരളത്തിനു പുറത്തുള്ള പല സർവ്വകലാശാലകളിലും സെനററിന് ഈ അധികാരങ്ങളുണ്ട്. കഴിഞ്ഞ ഒരു ദശകത്തോളമായി സെനററിൻെറ അധികാരങ്ങൾ മുഴുവൻ എടുത്തുകളയാനുള്ള നീക്കങ്ങൾ അഖിലേന്ത്യാ തലത്തിൽത്തന്നെ നടന്നുവരികയാണ്. 1982-ൽ കേന്ദ്ര സർവ്വകലാശാലകളുടെ പ്രവർത്തനം പരിശോധിക്കുന്നതിനുള്ള യു ജി സിയുടെ കമ്മററി യൂണിവേഴ്സിററി കോർട്ട് (സെനററ്) നീക്കം ചെയ്യണമെന്നാവശ്യപ്പെട്ടു. എഡ്യൂക്കേഷണൽ കൺസൾട്ടൻസ് എന്ന കേന്ദ്രഗവൺമെൻറിൻെറ നിയന്ത്രണത്തിലുള്ള സ്ഥാപനം സമർപ്പിച്ച പ്രൊജക്ട് റിപ്പോർട്ടിൽ സെനററ് അനാവശ്യമാണെന്ന് നിർദ്ദേശിച്ചു. 1990ൽ സർവകലാശാല മാനേജ്മെൻറിൽ പരിഷ്കാരങ്ങൾ വരുത്തുന്നതിനെ സംബന്ധിച്ച ഡോ. ജ്ഞാനം കമ്മററി സമർപ്പിച്ച റിപ്പോർട്ടിൽ ഒരു കൂടിയാലോചനാസമിതിയായി സെനററിനെ നിലനിർത്താമെന്നും അതിന് അധികാരങ്ങൾ നൽകരുതെന്നും നിർദ്ദേശിച്ചു. ഈ നിർദ്ദേശങ്ങളുടെ തുടർച്ചയാണ് സെനററുകളെ പിരിച്ചുവിടാനുള്ള ഗവൺമെൻറു തീരുമാനം.

നമ്മുടെ സർക്കാർ വിദ്യാഭ്യാസ വിദഗ്ധൻമാർക്ക് സെനററിനോടുള്ള വിരോധത്തിൻെറ കാരണം എന്താണ്? ജ്ഞാനം കമ്മററി റിപ്പോർട്ട് സെനററിൻെറ പ്രവർത്തനത്തെക്കുറിച്ചു നടത്തുന്ന വിലയിരുത്തൽ പരിശോധിക്കാം.

നൂറുമുതൽ ഇരുന്നൂററി അമ്പതുവരെ അംഗങ്ങളാണ് വിവിധ ഇന്ത്യൻ സർവലാശാലകളിലെ സെനററിലുള്ളത്. ഇത്ര വലിയ സമിതിക്ക് ഒരു പരമാധികാരസമിതിയെന്ന നിലയിൽ പ്രവർത്തിക്കാനാവില്ലെന്നാണ് വാദം. സെനററിന് പ്രാതിനിധ്യസ്വഭാവമുണ്ട്. സമൂഹത്തിലെ എല്ലാ വിഭാഗങ്ങളിലും പെട്ട പ്രതിനിധികൾ അംഗങ്ങളാണ്. അക്കാദമിക് അംഗങ്ങൾക്കുപുറമെ അക്കാദമിക് സമുദായത്തിൽ പെടാത്ത ധാരാളം പേരുമുണ്ടെന്നർഥം. നോൺ അക്കാദമിക് അംഗങ്ങളാണ് സെനററിലെ ചർച്ചകൾക്ക് നേതൃത്വം നൽകുന്നതെന്നും ഗൗരവമുള്ള നയപരമായ ചർച്ചകൾക്കു പകരം അപ്രധാനവും പലപ്പോഴും ബാലിശവുമായ ചർച്ചകളിലാണ് അവർ കൂടുതൽ സമയം ചെലവഴിക്കുന്നതെന്നും ജ്ഞാനം കമ്മററി പരാതിപ്പെടുന്നു. നോൺ അക്കാദമിക് അംഗങ്ങളുടെ ചർച്ചകളിൽ രാഷ്ട്രീയത്തിൻെറ അതിപ്രസരവും കാണാം. സെനററിൻെറ പ്രാതിനിധ്യസ്വഭാവം നിലനിർത്തുന്നതും പരമാധികാരസമിതിയായി തുടരുന്നതും അക്കാദമിക് താല്പര്യങ്ങൾക്കെതിരാണെന്നാണ് സർക്കാർ വിദഗ്ധരുടെ നിഗമനം.

സർവകലാശാലാ സമിതികളിൽ നോൺ അക്കാദമിക് അംഗങ്ങളുടെയും രാഷ്ട്രീയക്കാരുടെയും ബാഹുല്യത്തിനു കാരണം തെരഞ്ഞെടുപ്പുകളാണ്. തെരഞ്ഞെടുപ്പുകൾ ജനാധിപത്യപ്രക്രിയയായതുകൊണ്ട് നിശ്ചിത യോഗ്യതകളുള്ള ആർക്കും സെനററിൽ വരാമല്ലോ. മററുള്ള സമിതികളുടെയും കാര്യം വ്യത്യസ്തമല്ല. അതുകൊണ്ട് അടുത്തകാലത്ത് സർക്കാർ വിദഗ്ധരുടെ എല്ലാ റിപ്പോർട്ടുകളും നോമിനേഷനെ ശക്തമായി പിന്താങ്ങുന്നതാണ്. അക്കാ

ഡമിക് താല്പര്യങ്ങൾ 'സംരക്ഷിക്കാനുള്ള ഒറ്റ മൂലിയായാണ് നോമിനേഷൻ അവതരിപ്പിക്കപ്പെടുന്നത്. യു ജി സിയുടെ നിബന്ധനകളനുസരിച്ച് എക്സിക്യൂട്ടീവ് കൗൺസിൽ അല്ലെങ്കിൽ സിൻഡിക്കേറ്റ് നോമിനേറ്റഡ് സമിതിയാകണം. ജ്ഞാനം കമ്മറ്റി റിപ്പോർട്ട് സെനറ്റിനെയും നോമിനേറ്റഡ് സമിതിയാക്കണമെന്ന് നിർദേശിക്കുന്നു.

സർക്കാർ വിദഗ്ധരുടെ വിവിധ റിപ്പോർട്ടുകൾ പരിശോധിക്കുമ്പോൾ വ്യക്തമായ ഒരു കാഴ്ചപ്പാട് പ്രത്യക്ഷപ്പെടുന്നുണ്ട്. സർവകലാശാലകളിലെ ജനാധിപത്യസംവിധാനം അക്കാദമിക്ക് താല്പര്യങ്ങൾക്കെതിരാണ്. രാഷ്ട്രീയവൽക്കരണമാണ് ഏറ്റവും പ്രധാനപ്പെട്ട ദോഷം. ഭരണസമിതികളിലെ നോൺ അക്കാദമിക് അംഗങ്ങൾക്ക് സാധാരണയായി കാമ്പസ് അന്തരീക്ഷത്തെ രാഷ്ട്രീയവൽക്കരിക്കാനുള്ള പ്രവണതയുണ്ടെന്നും അതുകൊണ്ട് സർവകലാശാലാ ഭരണത്തിൽ രാഷ്ട്രീയപാർട്ടികൾക്കും രാഷ്ട്രീയക്കാർക്കും ഇടപെടാനുള്ള അവസരങ്ങൾ നൽകരുതെന്നും ജ്ഞാനം കമ്മറ്റി നിർദേശിക്കുന്നു. സർവകലാശാലകളെ രാഷ്ട്രീയത്തിൽനിന്ന് അകറ്റിനിർത്തുന്നതിന്റെ ഭാഗമായി കോളേജുകളിലെയോ സർവകലാശാലകളിലെയോ ഒരു ജീവനക്കാരനും പൊതുതെരഞ്ഞെടുപ്പുകളിൽ നിൽക്കാൻ പിടില്ലെന്നും ഒരു രാഷ്ട്രീയപാർട്ടിയുടെയും ഭാരവാഹിയാകാൻ പാടില്ലെന്നും അനുശാസിക്കുന്നു. കൂടാതെ, സർവകലാശാലയുടെയും പൊതുജീവിതത്തിന്റെയും താല്പര്യങ്ങൾക്കു വിരുദ്ധമായ ഒരു സംഘടനാപ്രവർത്തനത്തിലും അവർ ഏർപ്പെട്ടുപോകരുതെന്നും ജ്ഞാനം റിപ്പോർട്ട് നിർദേശിക്കുന്നു

ഭരണസമിതികളിൽനിന്ന് 'രാഷ്ട്രീയക്കാരെ' പുറത്താക്കുന്നതിന് രണ്ടു രീതികളാണ് സ്വീകരിക്കപ്പെടുന്നത്. അതിലൊന്നാണ് സെനറ്റിനെ 'കൂടിയാലോചനാ' സമിതിയാക്കിമാറ്റാനുള്ള നീക്കം. മറ്റൊന്ന് സിൻഡിക്കേറ്റിന്റെ രൂപീകരണത്തെ സെനറ്റിൽനിന്നു വേർപെടുത്തുകയാണ്. സിൻഡിക്കേറ്റ്, അക്കാദമിക് കൗൺസിൽ മുതലായ സമിതികളെ പൂർണമായി വേർപെടുത്തി നോമിനേറ്റഡ് അംഗങ്ങൾക്ക് പ്രാധാന്യം നൽകാനുള്ള നീക്കവും ഇതിന്റെ ഭാഗമാണ്.

രാഷ്ട്രീയക്കാരെ പുറത്താക്കുന്നതിനോടൊപ്പം 'സാമൂഹ്യഫീഡ്ബാക്കി'ന്റെ ആവശ്യകത സർക്കാർ വിദഗ്ധന്മാർ അംഗീകരിക്കുന്നു. എന്നാൽ ഈ ഫീഡ്ബാക്ക് ഉണ്ടാകേണ്ടത് സാധാരണ ജനങ്ങളിൽ നിന്നോ രക്ഷിതാക്കളിൽനിന്നോ അല്ല, സർവകലാശാല 'ഉൽപന്നങ്ങളെ' ഉപയോഗിക്കുന്ന ഏജൻസികൾ, സാമൂഹ്യ സാമ്പത്തിക സ്ഥാപനങ്ങൾ മുതലായവയിൽ നിന്നാണ്. വ്യവസായികൾ, വ്യാപാരികൾ, ബാങ്കുകൾ, മറ്റു ധനസഹായ ഏജൻസികൾ, ചില ശാസ്ത്ര സാങ്കേതിക സംഘടനകളും സന്നദ്ധ സംഘടനകളും എന്നിവയിൽ നിന്നാണ് സാമൂഹ്യ ഫീഡ്ബാക്ക് പ്രതീക്ഷിക്കുന്നത്. ഇത്തരത്തിലുള്ള ആളുകളെ നോമിനേറ്റ് ചെയ്യും. ചുരുക്കത്തിൽ രാഷ്ട്രീയക്കാരെ ഒഴിവാക്കിക്കൊണ്ട് സർവകലാശാലകളെ വ്യവസായതാല്പര്യങ്ങൾക്കുവേണ്ടി ഉപയോഗിക്കുകയാണ് ലക്ഷ്യം. സർവകലാശാലകൾക്ക് ധനസഹായം നൽകുന്ന വ്യവസായങ്ങൾക്ക് ആദായനികുതി ഇളവ് ലഭിക്കുമെന്ന 1993-94 ലെ കേന്ദ്ര ബജറ്റിലെ നിർദേശവും ചിത്രം പൂർത്തിയാക്കാൻ നമ്മെ സഹായിക്കുന്നു.

1982-ലും 1986ലും സെനറ്റ് എന്ന സംവിധാനം തന്നെ ഉപേക്ഷിക്കാനുള്ള നിർദേശമുണ്ടായപ്പോൾ ജ്ഞാനം കമ്മറ്റി സെനറ്റ് നിലനിർത്താൻ ആവശ്യപ്പെട്ടതിന്റെ പശ്ചാത്തലം വ്യക്തമാണ്. സർവകലാശാലകളും വിവിധ വ്യവസായ വാണിജ്യസ്ഥാപനങ്ങളും തമ്മിലുള്ള ബന്ധം ശക്തിപ്പെടുത്താനുള്ള നീക്കങ്ങളാണ്, ഇത്തരം സംഘടനകളെ ഉൾപ്പെടുത്തി ഒരു പൊതുസമിതി നിലനിർത്തേണ്ടതിന്റെ ആവശ്യമാണ് ഒരു 'കൂടിയാലോചനാസമിതിയെന്ന നിലയിലെങ്കിലും സെനറ്റിനെ നിലനിർത്താൻ പ്രേരിപ്പിച്ചത്. 'സാമൂഹ്യ ഫീഡ്ബാക്ക്' എന്ന വാക്കിന്റെയും അർത്ഥം ഇതു തന്നെ സർക്കാർ വിദഗ്ധർ സമൂഹം എന്നതുകൊണ്ടുദ്ദേശിക്കുന്നത് വണിക്കുകളും വ്യവസായികളും എന്നാണ്. ഉന്നതവിദ്യാഭ്യാസത്തിലേക്ക് സ്വന്തം കുടുംബാംഗങ്ങളെ അയക്കുന്ന സാധാരണ ജനങ്ങൾ സമൂഹത്തിന്റെ പരിധിയിൽപ്പെടുന്നില്ല. അതുകൊണ്ട് ജനാധിപത്യസംവിധാനവും ആവശ്യമില്ലല്ലോ. സർവകലാശാലകൾക്ക് സമൂഹഫീഡ്ബാക്ക് ആവശ്യമാണ്. എന്നാൽ ആ സമൂഹം ആരാണെന്ന് അധികൃതർ തന്നെ നിശ്ചയിക്കും. സമൂഹ്യപ്രതിനിധികളെ അവർ നോമിനേറ്റു ചെയ്യും.

പിന്നെ ഏതുതരത്തിലുള്ള 'ഫീഡ്ബാക്ക്' ആണ് ലഭിക്കുക എന്നതു വ്യക്തമല്ലേ!

സെനററ് എന്ന തെരഞ്ഞെടുക്കപ്പെട്ട പരമാധികാരസമിതിയെ ഒഴിവാക്കുകയാണെങ്കിൽ അതിന്റെ ധർമം നിർവഹിക്കുന്നത് ആരാണ്? ബോർഡ് ഓഫ് മാനേജ്മെന്റ് അഥവാ സിൻഡിക്കേററ്, അക്കാദമിക് കൗൺസിൽ, കോളേജ് ഡവലപ്മെന്റ് കൗൺസിൽ എക്സാമിനേഷൻ ബോർഡ്, ബോർഡ് ഓഫ് പ്ലാനിങ് ആൻഡ് ഡവലപ്മെന്റ് തുടങ്ങി നിരവധി ബോർഡുകൾ വഴി ഭരണസംവിധാനം വികേന്ദ്രീകരിക്കണമെന്നതാണ് ജ്ഞാനം കമ്മററിയുടെ ശുപാർശ. ഇത്തരം സമിതികളിലെല്ലാം നോമിനേഷനാണ് പ്രാധാന്യവും. പൂർണമായി നോമിനേറഡായ സിൻഡിക്കേററ് ഇപ്പോൾ തന്നെ മഹാത്മാഗാന്ധി സർവകലാശാലയിൽ നിലവിലുണ്ടല്ലോ. ഈ ബോർഡുകൾക്കെല്ലാം ഡയറക്ടർമാരും മററ് ഉദ്യോഗസ്ഥരും ഉണ്ടാകും. സമിതികളിൽ നോമിനേററ് ചെയ്യുന്നതിന് വൈസ് ചാൻസലർക്ക് വിപുലമായ അധികാരവും ഉണ്ടാകും. അധ്യാപകരുടെ പ്രാതിനിധ്യം ഇത്തരം സമിതികളിൽ ആവശ്യമാണെന്നും അവരെ വിവിധ ഫാക്കൽററികളിൽനിന്ന് തെരഞ്ഞെടുക്കണമെന്നും ജ്ഞാനം കമ്മററി ശുപാർശ ചെയ്യുന്നുണ്ട്. എങ്കിലും പ്രിൻസിപ്പൽമാർ, വൈസ് ചാൻസലറിന്റെയോ സർക്കാരിന്റെയോ നോമിനികളായ 'വിദ്യാഭ്യാസ വിദഗ്ധർ' എന്നിവരെ അപേക്ഷിച്ച് അദ്ധ്യാപകരുടെ എണ്ണം കുറവായിരിക്കും. വിദ്യാർത്ഥികൾക്കും അനധ്യാപക ജീവനക്കാർക്കും ഇത്തരം സമിതികളിൽ സ്ഥാനമില്ല. വിദ്യാർഥികൾ കലാപരിപാടികൾ, ഹോസ്ററലുകൾ, മെസുകൾ മുതലായവ നടത്തുന്നതിൽ സഹകരിക്കാമെന്നുണ്ട്. അത്തരം വിദ്യാർഥികൾ അക്കാദമിക് യോഗ്യതയനുസരിച്ച് നോമിനേററ് ചെയ്യപ്പെടുന്നവരായിരിക്കും.

ചുരുക്കത്തിൽ, അക്കാദമിക് ബ്യൂറോക്രാററുകളുടെ വലിയ ഒരു സംഘം വളർന്നുവരുന്നതിന് എല്ലാവിധ സൗകര്യങ്ങളും നൽകുന്ന ഭരണസംവിധാനമാണ് സർക്കാർ വിദഗ്ധർ ആലോചിക്കുന്നത്. ബ്യൂറോക്രാററുകളുടെ തലവൻ വൈസ് ചാൻസലറായിരിക്കും. 'വികേന്ദ്രീകരണ'മെന്ന ഓമനപ്പേരുണ്ടെങ്കിലും നോമിനേററു ചെയ്യാനുള്ള സുപ്രധാനമായ അവകാശംവഴി എല്ലാ അധികാരങ്ങളും വൈസ് ചാൻസലറിൽ കേന്ദ്രീകരിക്കപ്പെടും. വി സിയുടെ നേതൃത്വത്തിൽ സർക്കാർ വിദ്യാഭ്യാസ 'വിദഗ്ധ'രും വ്യവസായികളും ഇവരുടെ എറാൻമൂളികളുമടങ്ങുന്ന സംഘം സർവകലാശാലകൾ ഭരിക്കും.. ഇവർക്കനുബന്ധമായി കുറെ അധ്യാപകരെയും കണ്ടേക്കാം. ഈ ഭരണസംവിധാനമാണ് അക്കാദമിക് താൽപര്യത്തിന്റെ സംരക്ഷണത്തിന് ജനാധിപത്യ സംവിധാനത്തെക്കാൾ നല്ലതായി സർക്കാർ വിദഗ്ധർ അവകാശപ്പെടുന്നത്. ഈ വാദം എത്രമാത്രം ശരിയാണ്?

സർവകലാശാലകൾക്ക് സെനററ് എന്ന ഭരണസംവിധാനം ഉണ്ടാകുന്നത് ബ്രിട്ടീഷുകാരുടെ കാലത്താണ്. അന്നത് ഒരു അക്കാദമിക് സമിതിയെന്ന നിലയിലാണ് വിഭാവനം ചെയ്തിരുന്നത് സ്വതന്ത്ര ഇന്ത്യയിലും സെനററ്എന്ന സംവിധാനംതുടർന്നുപോന്നു.1966ലെ കോത്താരി കമീഷൻ ഒരു നയരൂപീകരണ സമിതിയെന്ന നിലയിൽ യൂണിവേഴ്സിററി കോർട്ട് (സെനററ്) തുടരണമെന്ന് നിർദേശിച്ചു. അക്കാദമിക് വിഭാഗത്തിനു പുറമെ മുൻ വിദ്യാർത്ഥികൾ, നിയമസഭാംഗങ്ങൾ, പ്രാദേശികസമിതികൾ, വ്യവസായ വാണിജ്യസംഘങ്ങൾ, വിദ്യാർത്ഥികൾ തുടങ്ങിയവരുടെയെല്ലാം പ്രതിനിധികൾ സെനററിലുണ്ടാകണമെന്നും കമീഷൻ നിർദ്ദേശിച്ചു 1969 ലെ ഗജേന്ദ്ര ഗാഡ്കർ കമ്മററി റിപ്പോർട്ട് പ്രാതിനിധ്യ സ്വഭാവമുള്ള സർവകലാശാല ഭരണസമിതികളെ അംഗീകരിക്കുകയും ഭരണത്തിലും അക്കാദമിക് കാര്യങ്ങളിലും വിദ്യാർഥി പ്രാതിനിധ്യമുണ്ടാകണമെന്നു നിർദ്ദേശിക്കുകയും ചെയ്തു. ഈ നിർദ്ദേശങ്ങളനുസരിച്ച്പല സർവകലാശാലകളിലും പ്രാതിനിധ്യസ്വഭാവമുള്ള തെരഞ്ഞെടുക്കപ്പെട്ട ഭരണസമിതികൾ നിലവിൽവന്നു.

ഇത്തരം ഭരണസമിതികൾ സൃഷ്ടിക്കുന്നതിന്റെ ആവശ്യമെന്തായിരുന്നു? സർവകലാശാലകളെ ഒരു ബിസിനസ് കോർപ്പറേഷൻ പോലെയോ ഗവൺമെന്റ് ഡിപ്പാർട്ടുമെന്റ് പോലെയോ നടത്താൻ സാധിക്കില്ലെന്ന ബോധമായിരുന്നു അതിന്റെ പിന്നിൽ. സർവകലാശാലകളുടെ സ്വയംഭരണം നിലനിർത്തുകയും പൂർണമായ അക്കാദമിക് സ്വാതന്ത്ര്യം, രാഷ്ട്രീയാഭിപ്രായമുൾപ്പെടെ, അക്കാദമിക് പ്രവർ

ത്തകർക്കു നൽകുകയും ചെയ്യുന്നതിന്റെ പ്രാധാന്യവും ചൂണ്ടിക്കാട്ടപ്പെട്ടിരിന്നു. കക്ഷിരാഷ്ട്രീയത്തിന്റെ സ്വാധീനത്തിൽ നിന്നു സർവകലാശാലകളെ മോചിപ്പിക്കുന്നതിന്റെ ഭാഗമായി തന്നെയാണ് സർവകലാശാല സ്വയംഭരണത്തെ കോത്താരി കമീഷൻ കണ്ടത്. സർവകലാശാലാ ഭരണത്തിൽ ഗവർമെണ്ടുകളുടെ ഇടപെടലിനെ കമീഷൻ അതിശക്തമായെതിർക്കുകയും ചെയ്തു. എന്നാൽ, സർവകലാശാലകളിലെ ജനാധിപത്യ സംവിധാനങ്ങളെ ശക്തിപ്പെടുത്തിക്കൊണ്ടാണ് സ്വയം ഭരണത്തെ വളർത്താനായി കമീഷൻ നിർദേശിച്ചത്.

കോത്താരി കമീഷൻ റിപ്പോർട്ടിന്റെ അടിത്തറയായ ലിബറൽ ജനാധിപത്യ വീക്ഷണം സർവകലാശാലകളിലെ അക്കാദമിക് സ്വാതന്ത്ര്യത്തിനും ജനാധിപത്യ വൽക്കരണത്തിനും സഹായകമായി എന്നതിൽ സംശയമില്ല. രാഷ്ട്രീയ സംഘർഷങ്ങളുടെ കാലഘട്ടമായ എഴുപതുകളിൽ നിരവധി സർവകലാശാലാ കാമ്പസുകളിലെ രാഷ്ട്രീയ വൽക്കരണത്തിലേക്കും ഇതെത്തിച്ചു. സർവകലാശാലകൾ സമൂഹത്തിൽനിന്നു വേർതിരിക്കപ്പെട്ട സ്ഥാപനങ്ങളല്ലാത്തതുകൊണ്ട് സമൂഹസംഘർഷങ്ങൾ അവയെ സ്വാധീനിക്കുക സ്വാഭാവികമാണ്. കാമ്പസ് രാഷ്ട്രീയത്തെ സംബന്ധിച്ച മുറവിളി ഈ പശ്ചാത്തലത്തിലുണ്ടായതാണ്. എൻപതുകളിലാകട്ടെ, ഉന്നതവിദ്യാഭ്യാസരംഗത്തെ സ്വാധീനിച്ച ലിബറൽ ജനാധിപത്യ വീക്ഷണം ഉപേക്ഷിക്കപ്പെട്ടിരിക്കുന്നു. ജനാധിപത്യസംവിധാനങ്ങൾ ഹീനവും അനക്കാദമികവുമാണെന്നു വാദിക്കുകയും ജനാധിപത്യവിരുദ്ധമായ ബ്യൂറോക്രാറ്റിക് സംവിധാനം ഏർപ്പെടുത്താൻ ശ്രമിക്കുകയും ചെയ്യുന്നു.

അക്കാദമിക് സ്വാതന്ത്ര്യവും ജനാധിപത്യവുമാണ് സർവകലാശാലാ സ്വയംഭരണത്തിന്റെ അടിത്തറ. സർവകലാശാലാ ഡിപ്പാർട്ടുമെന്റുകളുടെയും കോളേജുകളുടെയും സ്വയംഭരണം എന്ന ആശയവും അക്കാദമിക് സ്വാതന്ത്ര്യത്തിന്റെയും സർഗാത്മകതയുടെയും വികാസം എന്ന ആശയത്തിൽ നിന്ന് വളർന്നുവന്നതാണ്. എന്നാൽ സർക്കാർ വിദഗ്ധർ ഇപ്പോൾ ഇതേ ആശയത്തെ തലകുത്തിനിർത്തുകയാണ്. സ്വയംഭരണമെന്ന ആശയം ആക്കാദമിക് സ്വാതന്ത്ര്യത്തിനും ജനാധിപത്യവൽക്കരണത്തിനുമെതിരായി ഉപയോഗിക്കുന്നു. ഉന്നതവിദ്യാഭ്യാസത്തെ വ്യവസായികളുടെയും ധനസഹായ ഏജൻസികളുടെയും കൂടെ പിടിച്ചുകെട്ടി അക്കാദമിക് അടിമത്തത്തിനും ബ്യൂറോക്രാറ്റിക് പ്രവണതയ്ക്കും വഴി തെളിയിക്കുന്നു. ഇതിന് 'സമൂഹത്തോടുള്ള ഉത്തരവാദിത്വം' എന്ന ഓമനപ്പേർ നൽകുകയും ചെയ്യുന്നു. സമൂഹത്തിന്റെയും അക്കാദമിക് സമൂഹത്തിന്റെയും പ്രതിനിധികൾ ഒന്നിച്ചിരുന്നു നയരൂപീകരണം നടത്തുന്ന ജനാധിപത്യ മാതൃകക്കു പകരം നോമിനേററു് ചെയ്ത സമിതികൾ ഭരിക്കുന്ന, സമൂഹത്തോട് പ്രത്യേകിച്ച് ബന്ധമില്ലാത്ത ഭരണമാതൃകയാണ് അക്കാദമിക് താൽപര്യങ്ങൾക്കു നല്ലതെന്ന് വാദിക്കുകയും ചെയ്യുന്നു. ആരുടെ ആക്കാദമിക് താൽപര്യങ്ങൾ? ജനങ്ങളുടെയോ വ്യവസായികളും ബ്യൂറോക്രാറ്റുകളുമടങ്ങുന്ന ഉപരിവർഗത്തിന്റെയോ?

കാമ്പസുകളുടെ രാഷ്ട്രീയവൽക്കരണം ഇന്നത്തെ ജീർണതക്കു കാരണമല്ലേ എന്നു ചോദിച്ചേക്കാം. ഇതിനു നോൺ അക്കാദമിക് രാഷ്ട്രീയക്കാരൊടൊപ്പം ആക്കാദമിക് സമൂഹവും ഉത്തരവാദികളാണ്. അക്കാദമിക് സമൂഹത്തിനുള്ളിൽ നടക്കുന്ന തമ്മിലടിയുടെയും തൊഴുത്തിൽക്കുത്തിന്റെയും സംഭവങ്ങൾ ഏതെങ്കിലും രാഷ്ട്രീയപാർടിയോടുള്ള പ്രതിബദ്ധതകൊണ്ടാണോ സംഭവിക്കുന്നത്? ഒരു വൈസ് ചാൻസിലറോ രജിസ്ട്രാറോ ആയിക്കിട്ടാൻവേണ്ടി എല്ലാ രാഷ്ട്രീയ പാർട്ടികളുടെയും കാലുപിടിക്കുന്ന എത്ര 'അക്കാദമിക്കു'കളെ നമുക്കറിയാം? അക്കാദമിക് ഗ്രൂപ്പിസം പല ഡിപ്പാർട്ടുമെൻറുകളുടെയും പ്രവർത്തനങ്ങളെ വർഷങ്ങളോളം തകർത്തിട്ടുണ്ട്. അതുകൊണ്ട് അക്കാദമിക് നിലവാരം മെച്ചപ്പെടുത്തുവാനുള്ള ധനസഹായം ഉപയോഗപ്പെടുത്താതെ പോയ അനുഭവങ്ങളുമുണ്ട്. ഇതിനെല്ലാം രാഷ്ട്രീയക്കാർ മാത്രമാണോ ഉത്തരവാദികൾ? സ്വന്തം കാലുപിടിക്കുന്ന അക്കാദമിക്കുകളെ രക്ഷിക്കാൻ ഗവർമെണ്ടുതലത്തിലുള്ള ഇടപെടലുകൾ ധാരാളമായി നടന്നിട്ടുണ്ട്. കേരള സർവകലാശാലയിലെ വിളനിലം പ്രശ്നം ഇതിന്റെ നല്ല ഉദാഹരണമാണ്. ഗവർമെണ്ടിനനുകൂലമായ തീരുമാനങ്ങളെടുപ്പിക്കാൻ സിൻഡിക്കേററുകളിൽ ഉദ്യോഗസ്ഥൻമാരെ പങ്കെടുപ്പിക്കുന്ന തന്ത്രം സ്ഥിരമായുള്ളതാണ്. ഇതിനെല്ലാം അക്കാദമിക്കുകൾ കൂട്ടുനിൽക്കാറുമുണ്ട്.

സർവകലാശാലാ ഭരണത്തിലെ അക്കാദമിക് നോൺ അക്കാദമിക് വൈരുദ്ധ്യം സർക്കാർ വിദഗ്ധർ അവരുടെ താൽപര്യങ്ങൾക്കനുസരിച്ച് കൃത്രിമമായി സൃഷ്ടിക്കുന്നതാണ്. യഥാർത്ഥ പ്രശ്നം ഉന്നത വിദ്യാഭ്യാസരംഗത്തെ ലക്ഷ്യബോധമില്ലായ്മയാണ്. ഈ രംഗത്തെ മനുഷ്യവിഭവ ആസൂത്രണത്തിന്റെ അഭാവമാണ്. അടുത്തകാലത്തുണ്ടായ വിജ്ഞാനത്തിന്റെ വളർച്ചയും സാങ്കേതിക രംഗത്തെ വൈവിധ്യവും നമ്മുടെ സർവകലാശാലാ കരിക്കുലത്തിൽ പ്രതിഫലിപ്പിക്കപ്പെടുന്നില്ല, ഇത്തരം മേഖലകളിൽ ഗവേഷണപരിചയവും വൈദഗ്ധ്യവുമുള്ളവരെ അധ്യാപകരായി നിയമിക്കാൻ പോലും ഇന്നു ശ്രമിക്കാറില്ല. പുതിയ വിജ്ഞാന മേഖലകളുടെ വളർച്ചക്കാവശ്യമായ ഭൗതികസൗകര്യങ്ങൾ സർവകലാശാലകളിലും കോളേജുകളിലുമില്ല. ഈ ദുഃസ്ഥിതിക്കുത്തരവാദികൾ രാഷ്ട്രീയക്കാർ മാത്രമല്ല. അക്കാദമിക്കുകൾ കൂടിയാണെന്ന് ഓർക്കേണ്ടതാണ്. ഉന്നത വിദ്യാഭ്യാസത്തിന്റെ ഉള്ളടക്കത്തിലും ഘടനയിലുമാണ് സമൂലമായ മാററം വരേണ്ടത്. അതനുസരിച്ചുള്ള മാററം മാത്രമേ സർവകലാശാലാഭരണത്തിൽവരാവൂ. ഉള്ളടക്കത്തിൽ മാററം വരുത്താതെ മാനേജ്മെൻറ് തലത്തിൽ മാററം വരുത്തിയതുകൊണ്ടുമാത്രം ഒരു പ്രയോജനവുമില്ല.

മാനജ്മെൻറ് തലത്തിൽ ഉദ്ദേശിക്കുന്ന മാററങ്ങൾ രാഷ്ട്രീയവൽക്കരണത്തെ ഒഴിവാക്കുമോ? ഭരണാധികാരികളോട് എതിർപ്പുള്ളവരെ ഭരണസമിതികളിൽനിന്നു പുറത്താക്കാൻ കഴിയും. എന്നാൽ വൈസ് ചാൻസലർ, വൈസ് ചാൻസലറുടെ നോമിനികൾ, ഗവർമെണ്ടിന്റെ നിർദിഷ്ട പ്രതിനിധികൾ തുടങ്ങിയവരെല്ലാം രാഷ്ട്രീയ നിയമനങ്ങളായിരിക്കും' സംസ്ഥാന ഗവർമെണ്ടുകളുടെ ഇടപെടലുകൾ ഇല്ലതാക്കാൻ സ്റേററ് കൗൺസിൽ (കമീഷൻ) ഓഫ് ഹയർ എഡ്യൂക്കേഷൻ എന്ന ഇടനില സമിതി ജ്ഞാനം കമ്മററി ശുപാർശ ചെയ്യുന്നുണ്ട്. അതും പൂർണമായി നോമിനേറഡ് ആയിരിക്കും. ഗവർമെണ്ടിനു രാഷ്ട്രീയ നിയമനങ്ങൾ നടത്താൻ സൗകര്യമുള്ള സമിതിയാവും എന്നർഥം. ഈ സമിതിയിലും സർവകലാശാലാ ഭരണസമിതികളിലും ഉൾപ്പെടുത്തപ്പെടുന്നത് ഗവർമെണ്ടിന്റെയും വ്യവസായങ്ങളുൾപ്പെടെയുള്ള ധനസഹായ ഏജൻസികളുടെയും പാദസേവകർ മാത്രമായിരിക്കും. കാലുനക്കികളെ ഉൾപെടുത്തുവാനും നിഷേധികളെ തഴയാനുമുള്ള മാർഗമായി നോമിനേഷനുകൾ മാറുകയും ചെയ്യും. ഈ സാഹര്യങ്ങളിൽ സർവകലാശാലാ ജനാധിപത്യത്തിന്റെയും അക്കാദമിക് സ്വാതന്ത്ര്യത്തിന്റെയും സ്വഭാവമെന്തായിരിക്കുമെന്നു പറയേണ്ടതില്ല.

മേൽപറഞ്ഞ വിധത്തിലുള്ള ജനാധിപത്യധ്വംസനത്തിന്റെ നാന്ദിയാണ് സെനററുകൾ പിരിച്ചുവിടാനുള്ള നീക്കമെന്നതിൽ സംശയമില്ല. തുടർന്നുവരുന്ന ഏകീകൃത സർവകലാശാല നിയമം ജ്ഞാനംകമ്മററി ശുപാർശകൾക്കനുസരിച്ചുള്ള ഒന്നായിരിക്കും. ഏകീകൃതനിയമം തയ്യാറാക്കാനുള്ള കമ്മററിയുടെ ചെയർമാൻ ഡോ. ജ്ഞാനമാണ്. തന്റെ ജനാധിപത്യവിരുദ്ധ ശുപാർശകൾ പ്രയോഗിക്കാനുള്ള വേദിയായി കേരളത്തിലെ സർവകലാശാലകളെ അദ്ദേഹം ഉപയോഗിക്കും. ഡോ. ജ്ഞാനത്തിന്റെ ശുപാർശകൾ എത്രമാത്രം ഉൾപ്പെടുത്താൻ കേരള സർക്കാർ തയ്യാറാണെന്നത് കാണാനിരിക്കുന്നതേയുള്ളൂ.

സെനററുകളുടെ അധികാരം ഇല്ലാതാക്കുക എന്ന ജ്ഞാനം കമ്മററി നിർദേശം കേരളസർക്കാർ സ്വീകരിച്ചതായി നമുക്കൂഹിക്കാം. മററു ജനാധിപത്യവിരുദ്ധ നടപടികൾക്ക അധികം കാലതാമസമില്ല ☐

# രാധകൃഷ്ണന് ഡോക്ടറേററ്



മട്ടന്നൂർ എൻ എസ് എസ് കോളേജ് ഇംഗ്ലീഷ് അധ്യാപകൻ ശ്രീ സി രാധാകൃഷ്ണന് കാലിക്കട്ട് യൂണിവേഴ്സിററിയിൽ നിന്നും ഡോക്ടറേററ് ലഭിച്ചു. ഡോ. സി പി ശിവദാസന്റെ മേൽനോട്ടത്തിലായിരുന്നു ഗവേഷണം.

ഡോ. രാധാകൃഷ്ണന് എ കെ പി സി ടി എ യുടെ അനുമോദനങ്ങൾ.

പ്രൊഫ. മാമ്മൻവർക്കി

# എ കെ പി സി ടി എ അക്കാദമിക പ്രവർത്തനങ്ങൾ കലാലയതലത്തിലേക്ക്

എ. കെ. പി. സി. ടി. എ. യുടെ അക്കാദമിക പ്രവർത്തനങ്ങൾ. സാവധാനത്തിലാണെങ്കിലും, സജീവമായിത്തീർന്നുകൊണ്ടിരിക്കുന്ന ഒരു ഘട്ടത്തിലേക്കു നാം പ്രവേശിക്കുകയാണ്. കഴിഞ്ഞ വേനലവധിക്കാലത്ത് സാമ്പത്തിക രംഗത്തെ ഘടനാപരിവർത്തന പരിപാടിയെക്കുറിച്ച് ഒരു ദ്വിദിനശില്പശാല സംഘടിപ്പിച്ചു. ഉന്നതവിദ്യാഭ്യാസ രംഗത്തെ ആനുകാലിക പ്രവർത്തനത്തെക്കുറിച്ച് പൊതുവെയും ഏകീകൃത സർവകലാശാലാ നിയമത്തെക്കുറിച്ച് പ്രത്യേകിച്ചും ചർച്ച ചെയ്യുന്ന ഒരു രേഖ കുറെ ആഴ്ചകൾക്കുമുൻപ് തയ്യാറാക്കി പ്രസിദ്ധീകരിച്ചു. അക്കാദമിക പ്രവർത്തനങ്ങളിൽ സജീവതാല്പര്യമുള്ള പ്രവർത്തകരെ ഓരോയൂണിററിൽ നിന്നും പങ്കെടുപ്പിച്ചുകൊണ്ട് ഒരു ഏക ദിന സെമിനാർ എറണാകുളത്തുവച്ച് 1992 നവം 1-ാം തീയതി നടത്തി. പ്രസ്തുത സമ്മേളനം നമ്മുടെ ഭാവി പ്രവർത്തനങ്ങൾക്ക് വിലയേറിയ ചില നിർദ്ദേശങ്ങൾ സമർപ്പിച്ചിട്ടുണ്ട്. അടൂരിൽ വച്ചു നടന്ന സംസ്ഥാന പ്രവർത്തക ക്യാമ്പിലെ ഏററവും പ്രധാനപ്പെട്ട ചർച്ചാവിഷയങ്ങളിലൊന്ന് നമ്മുടെ 'അക്കാദമിക ധർമ്മം' ആയിരുന്നു.

അക്കാദമിക പ്രവർത്തനം ഊർജ്ജസ്വലമായും സുവ്യക്ത ലക്ഷ്യബോധത്തോടെയും സംഘടിപ്പിക്കാൻ നാം ശ്രമിച്ചുകൊണ്ടിരിക്കുന്ന ഈ ഘട്ടത്തിന്റെ ചില പ്രത്യേകതകൾ നാം ശ്രദ്ധിക്കേണ്ടതുണ്ട്.

1. മുതലാളിത്ത സാമ്പത്തിക നയങ്ങളും രാഷ്ട്രീയ മാററങ്ങളും വിദ്യാഭ്യാസക്രമത്തിന്റെ ഉടച്ചുവാർക്കൽ അനിവാര്യമാക്കിയ ഒരു സാഹചര്യമായിരുന്നു കഴിഞ്ഞ ദശാബ്ദത്തിന്റെ മദ്ധ്യത്തിൽ നിലനിന്നിരുന്നത്. മുതലാളിത്ത മൂല്യബോധത്തിലേക്കും സാംസ്കാരിക പ്രവർത്തികളിലേക്കും രാജ്യത്തെ മെരുക്കിയെടുക്കാൻ ബോധപൂർവ്വം തയ്യാറാക്കിയതാണ് 1986-ലെ പുതിയ വിദ്യാഭ്യാസ നയം. ദേശീയമുന്നണി അധികാരത്തിൽ വന്നപ്പോൾ 1986-ലെ വിദ്യാഭ്യാസനയം പുനഃപരിശോധിക്കാൻ ആചാര്യരാമമൂർത്തി അദ്ധ്യക്ഷനായുള്ള ഒരു കമ്മീഷനെ നിയോഗിച്ചു. പുനഃപരിശോധനയ്ക്ക് മാനദണ്ഡമായി അവർ സ്വീകരിച്ചത് നാല് കാര്യങ്ങളാണ്: i സമത്വവും സാമൂഹിക നീതിയും ii വിദ്യാഭ്യാസ ക്രമത്തിൽ എല്ലാതലങ്ങളിലും വികേന്ദ്രീകരണം iii കൂടുതൽ മാനുഷികമായ ഒരു സാമൂഹിക വ്യവസ്ഥിതിക്കു വേണ്ടിയുള്ള മൂല്യബോധത്തിന്റെ വ്യാപനം iv തൊഴിലിനുള്ള സമർത്ഥത. പക്ഷേ. ആചാര്യരാമമൂർത്തിക്കമ്മീഷൻ റിപ്പോർട്ടു സമർപ്പിക്കുന്നതിനുമുൻപുതന്നെ ഒരു പുതിയ ഭരണകൂടം കേന്ദ്രത്തിൽ അധികാരത്തിൽ വന്നു. അവർ, സെൻട്രൽ അഡ്വൈസറി ബോർഡ് ഓഫ് എഡ്യൂക്കേഷന്റെ ശുപാർശപ്രകാരം, രാമമൂർത്തിക്കമ്മീഷന്റെ നിർദ്ദേശങ്ങൾ പരിശോധിക്കാൻ മറെറാരു കമ്മീഷനെ നിയോഗിച്ചു. ആന്ധ്രാമുഖ്യമന്ത്രിയായിരുന്ന ജനാർദ്ദനറെഡ്ഡിയായിരുന്നു അതിന്റെ അദ്ധ്യക്ഷൻ. റെഡ്ഡിക്കമ്മീഷന്റെ തന്നെ വാക്കുകളിൽ, ആചാര്യ രാമമൂർത്തിക്കമ്മീഷൻ നിർദ്ദേശിച്ച നയവ്യതിയാനങ്ങൾ താഴെപ്പറയുന്നവയാണ്. i ഭരണഘടനയുടെ 45-ാം വകുപ്പിൽ വിദ്യാഭ്യാസവും ശിശു സംരക്ഷണവും ഉൾപ്പെടുത്തുക ii വിദ്യാഭ്യാസത്തിനുള്ള അവകാശം മൗലികാവകാശമാക്കുക. iii പ്രൈമറി വിദ്യാഭ്യാസ സാർവ്വത്രീകരണം ഒററധാരയിലൂടെ സാധിക്കുക. iv നവോദയസ്കൂളുകളുടെ ഘടന സമൂലം മാററുക v ഉന്നത വിദ്യാഭ്യാസ കൗൺസിൽ രൂപീകരണ ശ്രമം ഉപേക്ഷിക്കുക. ഈ നയങ്ങളുടെ സാമൂഹിക സ്വഭാവം സ്പഷ്ടമാണ്. വിദ്യാഭ്യാസത്തിന്റെ വരേണ്യപക്ഷപാതത്തിന് കടിഞ്ഞാണിടുന്നതാണ് ആചാര്യരാമമൂർത്തിക്കമ്മീഷൻ മുൻപോട്ടുവെച്ച ഈ നയവ്യ

തിയാനന്തരം പക്ഷെ ജനാർദ്ദന റെഡ്ഡി കമ്മീഷൻ നയമാററം അത്രയും തിരസ്കരിച്ചു മാത്രവുമല്ല. 1986-ലെ പുത്തൻ വിദ്യാഭ്യാസനയത്തിൽ കാര്യമായമാററങ്ങളൊന്നും ആവശ്യമില്ലെന്നു തറപ്പിച്ചു പറയുകയും ചെയ്തു. പുതുതായി ഒരു പ്രോഗ്രാം ഓഫ് ആക്ഷൻ മാത്രം ഉണ്ടാക്കിയാൽ മതിയെന്നായിരുന്നു റഡ്ഡികമ്മീഷൻെറ നിലപാട്.

ഈ ചരിത്ര വിശദീകരണം ഒരു കാര്യം വ്യക്തമാക്കുന്നു മുതലാളിത്തവികസനത്തിൻെറ ഒരു പ്രത്യേകഘട്ടത്ത്യൽ അധീശത്വ വർഗ്ഗത്തിൻെറ താല്പര്യങ്ങൾ നിറവേററാൻ കരുപ്പിടിപ്പിച്ച 1986-ലെ പുത്തൻ വിദ്യാഭ്യാസനയങ്ങൾമാററാൻ ഇന്നത്തെ ഭരണവർഗ്ഗം തയ്യാറില്ലെന്നു മാത്രമല്ല അവ ശക്തിയായി നടപ്പാക്കാൻ തീവ്രമായ കർമ്മപരിപാടികൾ ആവിഷ്ക്കരിക്കുകയും ചെയ്തുകൊണ്ടിരിക്കുന്നു. ആഗോള മൂലധനത്തിൻെറ സ്വതന്ത്രമായ വരവിനും വളർച്ചയ്ക്കും കമ്പോള മുതലാളിത്തത്തിൻെറ ശക്തീകരണത്തിനും വേണ്ട മൂല്യപരവും വിജ്ഞാനപരവുമായ സാഹചര്യം സൃഷ്ടിക്കുകയെന്ന ധർമ്മം അനുഷ്ഠിക്കാൻ വിദ്യാഭ്യാസ വ്യവസ്ഥയാകെ പരുവപ്പെടുത്തിക്കൊണ്ടിരിക്കുന്ന ഒരു ചരിത്രസന്ധിയിലാണ്, ഉന്നത വിദ്യാഭ്യാസരംഗത്തെ നമ്മുടെ അക്കാദമിക കടമകളെക്കുറിച്ചു നാം ചർച്ചചെയ്യുന്നത്.

2 വിദ്യാഭ്യാസരംഗത്താകെ നിലനില്ക്കുന്ന ഭരണപരമായ പ്രതിസന്ധിയാണ് ഈ കാലഘട്ടത്തിൻെറ രണ്ടാമത്തെ പ്രത്യേകത ഈ പ്രതിസന്ധിക്ക് പല കാരണങ്ങളുണ്ട്. അതിലൊന്ന് വിദ്യാഭാസരംഗത്തിൻെറ യാതൊരു ആസൂത്രണവുമില്ലാത്ത വളർച്ചയാണ്. മാനവവിഭവ വികസന മന്ത്രാലയം തന്നെ 1992-ൽ പ്രസിദ്ധീകരിച്ച രേഖയിൽ ഉന്നത വിദ്യാഭ്യാസരംഗത്തിൻെറ ചില സ്ഥിതിവിവരക്കണക്കുകൾ നല്കുന്നുണ്ട്. 1985-'86 ൽ ഭാരതത്തിൽ 149 സർവ്വകലാശാലകൾ ഉണ്ടായിരുന്നു. 1990-'91 ആയപ്പോൾ സർവ്വകലാശാലകളുടെ എണ്ണം 186 ആയി ഉയർന്നു. 1985-'86-ൽ ഇവിടെ 5816 കോളേജുകളാണ് പ്രവർത്തിച്ചിരുന്നത്. എന്നാൽ 1990-'91 ലാകട്ടെ 7121 കോളേജുകൾ രംഗത്തുണ്ടായിരുന്നു. 1985-'86-ൽ 36ലക്ഷം വിദ്യാർത്ഥികൾക്ക് പ്രവേശനം നല്കിയെങ്കിൽ '90-91'ൽ 44 ലക്ഷം വിദ്യാർത്ഥികൾക്ക് പ്രവേശനംകൊടുത്തു. (പി. ഒ. എ. പേജ് 118) ഈ കണക്കുകൾ ധാരാളം മതിയല്ലോ വിദ്യാഭ്യാസരംഗത്തിൻെറ ആസൂത്രിതമല്ലാത്ത വളർച്ചയ്ക്ക് തെളിവായി. ഇവിടെ ഉണ്ടാകുന്നത് പടുവളർച്ചയാണ്. വിദ്യാഭ്യോസനയ രൂപീകരണത്തിൻെറ മേലുള്ള ഇവിടത്തെ സ്വകാര്യ നിക്ഷിപ്തതാല്പര്യങ്ങളുടെ സമ്പൂർണ്ണ ആധിപത്യമാണ് ഈ 'പടുവളർച്ച' ഉണ്ടാക്കുന്നത്. നമ്മൾ ഉന്നതവിദ്യാഭ്യാസരംഗത്തിൻെറ വളർച്ചയ്ക്ക് ഒട്ടുംഎതിരല്ല. വളർച്ച ഉണ്ടാകണമെന്നു തന്നെയുണ് നമ്മുടെ അഭിപ്രായം. ഒരു വികസ്വര സമ്പത്വ്യവസ്ഥയുടെ ആവശങ്ങൾ നിറവേററാൻ വളരുന്ന ഒരു ജനാധിപത്യക്രമത്തിൻെറ ധർമ്മം നിർവ്വഹിക്കാൻ ഉന്നത വിദ്യാഭ്യാസരംഗം ഇനിയും ഒട്ടേറെ വളരണം. പക്ഷേ, ആ വളർച്ച അകൃത്രിമമാവണം. സന്തുലിതമാകണം, നീതിപൂർവ്വകവുമാകണം. ഇന്നത്തെ വളർച്ച സാമുദായികവും, സങ്കുചിതവും, മുതലാളിത്തപരവുമായ പ്രതിലോമ താല്പര്യങ്ങളുടെ സമ്മർദ്ദങ്ങളെ അതിജീവിക്കാനാവാതെ, അവരെ പ്രീണിപ്പിക്കാനായി ഉണ്ടാക്കുന്നതാണ്. ഇത്തരം വളർച്ചയിലൂടെ പ്രസ്തുത താല്പര്യങ്ങൾ കൂടുതൽ പ്രബലപ്പെട്ടുകൊണ്ടിരിക്കയാണ്. ആ താല്പര്യങ്ങളാകട്ടെ, വിദ്യാഭ്യസവ്യവസ്ഥയുടെ വികേന്ദ്രീകരണത്തിനും ജനാധിപത്യ വല്ക്കരണത്തിനും ഗൗരവമായ പ്രതിബന്ധങ്ങൾ സൃഷ്ടിച്ചുകൊണ്ടിരിക്കുകയാണ്. ബ്യൂറോക്രൈററ്സേഷൻെറയും, അധികാരകേന്ദ്രീകരണത്തിൻെറയും ജനപങ്കാളിത്തവിരുദ്ധമായ വിദ്യാഭ്യാസസമ്പ്രദായങ്ങളുടെയും സാഹചര്യമാണ് ഇന്നു നിലനില്ക്കുന്നത്. ഇത്തരമൊരുസാഹചര്യം അർത്ഥവത്തായ അക്കാദമിക പ്രവർത്തനത്തെ പരിമിതപ്പെടുത്തുകതന്നെ ചെയ്യും.

3. ഈ ഘട്ടത്തിൻെറ ഒട്ടും അപ്രധാനമല്ലാത്ത മറെറാരു പ്രത്യേകത, നമ്മുടെ ഒരു ശരാശരികലാലയത്തിൽ നിലനിൽക്കുന്ന കടുത്ത അദ്ധ്യയന രാഹിത്യത്തിൻെറ അവസ്ഥയാണ്. നല്ലയൊരു പങ്ക് വിദ്യാർത്ഥികൾ കോളേജിൽ ചേരുന്നത് കോഴ്സ് സർട്ടിഫിക്കററ് ലഭിക്കാൻ മാത്രമായിത്തീർന്നിരിക്കുന്നു. സ്വതന്ത്രമായ ചിന്തയ്ക്കോ, അന്വേഷണത്തിനോ, വിശാലമായ അർത്ഥത്തിലുള്ള അദ്ധ്യയനത്തിനോ ഒന്നും തയ്യാറില്ലാത്ത മാനസികാവസ്ഥയുടെ അടിമകളാണ് നമ്മുടെ മിക്ക വിദ്യാർത്ഥികളും. ഇത് വിദ്യാർത്ഥികളുടെ

സർഗ്ഗശക്തി തളർത്തുകയും സ്വാഭാവികമായ വളർച്ച മുരടിപ്പിക്കുകയും ചെയ്യുന്നുവെന്നുള്ളതു മാത്രമല്ല പ്രശ്നം. ദേശീയ പ്രശ്നങ്ങൾ പരിഹരിക്കാനും ദേശീയ വികസനത്തിന് മൗലികസംഭാവനകൾ നല്കാനും നമ്മുടെ വളർന്നുവരുന്ന തലമുറ അസമർത്ഥരായിത്തീരുന്നുവെന്നുള്ളതാണ് കൂടുതൽ ഗുരുതരമായ പ്രശ്നം. അദ്ധ്യാപകരുടെ അവസ്ഥയോ? 1992 നവം 1-ാം തീയതി എറണാകുളത്തു വച്ചു നടന്ന സമ്മേളനത്തിൽ ഡോ എൻ. എ. കരീം പറയുകയുണ്ടായി, ഒരു അദ്ധ്യാപകന് രണ്ടുതരം ധർമ്മം നിർവഹിക്കാനുണ്ട്. ഒന്ന്, അക്കാദമിക്. രണ്ട്, പെഡഗോഗിക്. നല്ലയൊരു പങ്ക് അദ്ധ്യാപകർ ഡോ കരീമിന്റെ നിരീക്ഷണത്തിൽ കഷ്ടിച്ച് 'പെഡഗോഗിക്'' ധർമ്മം മാത്രം നിർവഹിക്കുന്നവരാണ്. എന്തിലെങ്കിലും ശ്രദ്ധയുണ്ടെങ്കിൽ അത് ബോധനത്തിൽ മാത്രമാണ്. പക്ഷേ, അക്കാദമികധർമ്മം അനുഷ്ഠിക്കാതെ പെഡഗോഗിക് ധർമ്മം സമർത്ഥമായി നിർവഹിക്കാനാവില്ല പുതിയ പുതിയ അറിവുകൾ സ്വാംശീകരിക്കാനും ചരിത്രയാഥാർത്ഥ്യങ്ങളോടു വിമർശനാത്മകമായി പ്രതികരിക്കാനും സമൂഹത്തെ ഗുണപരമായി പരിവർത്തിപ്പിക്കുന്ന പ്രക്രിയയിൽ പങ്കുചേരാനും കഴിയുന്ന ഒരദ്ധ്യാപകനേ അക്കാദമിക ധർമ്മം സഫലമായി നിർവഹിച്ചുവെന്ന് പറയാനാവൂ. ഓരോ അറിവും പരിവർത്തിപ്പിക്കുന്നതാണ്. പുതിയ അറിവുകൾ ആർജിക്കാത്ത അദ്ധ്യാപകസമൂഹം ചേതനയററു നശിക്കുകയേനിവർത്തിയുള്ളു

അദ്ധ്യയനം നടക്കാത്ത കലാശാലകൾ കുട്ടികൾ കൂടുതലും പുറത്തുകറങ്ങുന്ന ക്ളാസുമുറികൾ, 'പരീക്ഷണം' നടക്കാത്ത പരീക്ഷണശാലകൾ, വായന നടക്കാത്തലൈബ്രറികൾ അടിസ്ഥാന സൌകര്യങ്ങൾ പോലും ഒരുക്കുന്നത് തങ്ങളുടെ ചുമതലയല്ലെന്നു ശഠിക്കുന്ന വിദ്യാഭ്യാസ ഏജൻസികൾ- ഇതൊക്കെയാണ് ഇന്നത്തെ യാഥാർത്ഥ്യം. പുതിയ അറിവുകൾ ആർജ്ജിക്കാനും സമൂഹത്തെ പുനഃസൃഷ്ടിക്കാനുമുള്ള പ്രതിബദ്ധതയുടെ അസാന്നിദ്ധ്യം കൊണ്ട് മുദ്രിതമാണ് ഈ കാലഘട്ടം.

4. എ. കെ. പി. സി. ടി. എ. യുടെ ചരിത്രത്തിൽത്തന്നെ നാം ഒരു പുതിയ ഘട്ടത്തിലെത്തിയിരിക്കുകയാണ്. സേവന-വേതന കാര്യങ്ങൾക്കുവേണ്ടി ദീർഘവും കഠിനവുമായ സമരങ്ങൾ നടത്തി. മററുപല സംസ്ഥാനങ്ങളിലും ഇന്നും നേടിയെടുക്കാൻ കഴിഞ്ഞിട്ടില്ലാത്ത വൻനേട്ടങ്ങൾ കൈവരിക്കാൻ കഴിഞ്ഞ നമ്മൾ ഒരു സ്വത്വപരിണാമത്തിനു വിധേയമായിക്കൊണ്ടിരിക്കുകയാണ്. ഒരു തലത്തിൽ ഉയർന്നവേതനവും സേവനഭദ്രതയും കൈവരിച്ചു കഴിഞ്ഞിരിക്കുന്നു. നമ്മൾ മറെറാരുതലത്തിൽ ഇന്നാട്ടിലെ അടിസ്ഥാനവർഗ്ഗങ്ങളുമായി ഒന്നുചേർന്നുള്ള പോരാട്ടവും സാമൂഹിക യാഥാർത്ഥ്യങ്ങളോടു പ്രതികരിക്കാനുള്ള സന്നദ്ധതയും നമ്മെ സവിശേഷമായൊരു പ്രതിബദ്ധതയ്ക്കു പ്രേരിപ്പിച്ചിരിക്കുകയാണ്. നമ്മുടെ സമൂഹത്തിന്റെ സേവനപരമായ പ്രശ്നങ്ങളോടൊപ്പം സമത്വവും നീതിയും ഉപ്പാക്കത്തക്കവണ്ണം വിദ്യാഭ്യാസ രംഗത്തിന്റെ ഗുണപരമായ പരിവർത്തനത്തിനു പ്രവർത്തിക്കുകയെന്നത് നമ്മുടെ അദ്ധ്യാപന രംഗത്തിന്റെ അവശ്യഭാഗമായി നാം കണക്കാക്കുന്നു. യു. ജി. സി. പദ്ധതിയെ നമ്മളൊരു ശമ്പള പരിഷ്ക്കരണ പരിപാടിയായിമാത്രമല്ല കാണുന്നത്. ഉന്നത വിദ്യാഭ്യാസരംഗത്തിന്റെ ഗുണപരമായ മാററമാണ് യു ജി സി പദ്ധതിയുടെ നടപ്പാക്കൽകൊണ്ട് സംഭവിക്കേണ്ടതെന്നു തന്നെയാണ് നമ്മുടെ നിലപാട്, തൊഴിലാളി പ്രസ്ഥാനത്തിന്റെ ചരിത്രത്തിൽത്തന്നെ സവിശേഷമായൊരു നിലപാടാണ് ഇത്.

ഇത്തരമൊരു പശ്ചാത്തലത്തിലാണ് അക്കാദമിക രംഗത്ത നമ്മുടെ പ്രവർത്തനങ്ങൾക്ക് രൂപം നല്കുന്നത്.

അക്കാദമിക പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യാൻ സഹായകരമായ ചില നിർദ്ദേശങ്ങൾ-അവയിൽ പലതും എറണാകുളം സമ്മേളനത്തിന്റേതാണ്- വയ്ക്കുന്നതിനുമുൻപ് രണ്ടുമൂന്നു കാര്യങ്ങൾ സൂചിപ്പിക്കട്ടെ.

1. അദ്ധ്യാപക ധർമ്മത്തെ സംബന്ധിച്ച്, സാമൂഹിക പ്രതിബന്ധതയോടുകൂടിയ ഒരു പുതിയ അവബോധം ശക്തമായി രൂപപ്പെടേണ്ടതുണ്ട്. അദ്ധ്യാപകന്റെ ആത്മാവബോധത്തിലും തദനുസരണമായ മാററം ഉണ്ടാകണം.

2. വിദ്യാഭ്യാസ വ്യവസ്ഥിതിയുടെ അടിസ്ഥാനപരമായ മാററം സാധ്യമാകണമെങ്കിൽ വിദ്യാർത്ഥികൾ, സാംസ്കാരിക പ്രവർത്തകർ, രക്ഷാകർത്താക്കൾ തുടങ്ങിയവരൊക്കെ ചേർന്ന്

കൂട്ടായ പ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നതിലൂടെയേ സാധിക്കൂ. 3 അക്കാദമികരംഗത്തെ നമ്മുടെ പ്രവർത്തനങ്ങളിലൂടെ നാം ആരംഭിക്കുന്നത് ചില പരിമിത പ്രവർത്തനങ്ങളല്ല, പ്രത്യുത, സാംസ്കാരിക രംഗത്താകെ പുനഃസൃഷ്ടിക്കുന്ന മൗലികമായ ഒരു പ്രക്രിയയാണ് ഈ മഹത്തായ പ്രക്രിയയ്ക്ക് നിർണ്ണായക സംഭാവനകൾ നല്കാൻ എ. കെ. പി സി. ടി. എ. യ്ക്ക് കഴിയണം.

## ചില നിർദ്ദേശങ്ങൾ

a അക്കാദമികപ്രവർത്തനം സജീവവും സഫലവുമാക്കാൻ അടിയന്തിരമായ ആവശ്യം ഓരോ കോളേജിലും ഓരോ അക്കാദമിക്സെൽ ഉണ്ടാക്കുകയാണ്. ഈ സെല്ലിൽ എ. കെ. പി. സി. ടി. എ. യിൽ അംഗങ്ങളല്ലാത്തവരെയും പൂർണ്ണമായും പങ്കെടുപ്പിക്കാൻ കഴിയണം. ഓരോ കോളേജിലും 1993 മാർച്ച് മാസത്തിൽ ത്തന്നെ അക്കാദമിക്സെൽ സംഘടിപ്പിക്കുകയും ആദ്യപരിപാടി നടത്തുകയും വേണം. അക്കാദമിക്സെൽ ഭാരവാഹികളുടെ പേരും മേൽവിലാസവും എ. കെ. പി. സി. ടി. എ. ഓഫീസിൽ ഉടനെതന്നെ അയച്ചുതരിക.

b അദ്ധ്യാപകരുടെതന്നെ വിജ്ഞാനം നവീകരിക്കുന്നതിനും വർദ്ധിപ്പിക്കുന്നതിനും ഉതകുന്നപരിപാടികൾ സംഘടിപ്പിക്കുക.

c പരീക്ഷാസമ്പ്രദായത്തിന്റെ സമൂലമാററത്തിനുതകുന്നതരത്തിൽ, ഇന്റേണൽ അസസ്മെന്റ് സെമസ്ററർ സമ്പ്രദായം, പരീക്ഷാപേപ്പറുകൾ തിരിച്ചുകൊടുക്കൽ തുടങ്ങിയ കാര്യങ്ങളെക്കുറിച്ച് അഭിപ്രായ രൂപീകരണം നടത്തുകയും നിർദ്ദേശങ്ങൾ വയ്ക്കുകയും ചെയ്യുക. അതുപോലെതന്നെ സിലബസ് കൂടുതൽ സാമൂഹിക പ്രസക്തവും കാലികവും തൊഴിലിനനുയോജ്യവുമാക്കാനുള്ള നിർദ്ദേശങ്ങൾ രൂപീകരിക്കുക.

d 'അദ്ധ്യയനം' നടക്കത്തക്കവണ്ണം കലാലയ അന്തരീക്ഷം മാററാനുള്ള അഭിപ്രായസമന്വയം ഉണ്ടാക്കുക. ഹാജർ, പാഠങ്ങൾ തീർക്കൽ ഇവയൊക്കെ 'മോണിട്ടർ' ചെയ്യാൻ എല്ലാവരുടെയും പങ്കാളിത്വത്തോടു കൂടിയ സംവിധാനങ്ങളുണ്ടാക്കുക.

e കലാലയങ്ങളുടെ ജനാധിപത്യ വല്കരണത്തിനും പുനഃസംഘടനയ്ക്കും വിദ്യാർത്ഥികൾ, അദ്ധ്യാപകർ, മാനേജ്മെന്റ്, രക്ഷകർത്താക്കൾ, വിദ്യാഭ്യാസ പ്രവർത്തകർ ഇവരെ ഉൾപ്പെടുത്തി സാംസ്ക്കാരിക സമിതികൾ രൂപികരിക്കുക.

f പുത്തൻ സാമ്പത്തികനയം, ഘടനാപരിവർത്തനങ്ങൾ, സബ്സിഡിനിർത്തലാക്കൽ, വർഗ്ഗീയതയുടെ രാഷ്ട്രീയം, ഇന്നത്തെ വിദ്യാഭ്യാസനയങ്ങൾ തുടങ്ങിയ ഗുരുതരമായ പ്രശ്നങ്ങൾ ജനങ്ങൾക്ക് വ്യാഖ്യാനിച്ചുകൊടുക്കാൻ സമർത്ഥമായ പരിപാടികൾ ആവിഷ്കരിക്കുക.

g സ്വാശ്രയപ്രസ്ഥാനം, സാക്ഷരതാപ്രവർത്തനങ്ങൾ തുടങ്ങിയവയിൽ പങ്കുചേരുക. ('വാക്കും' 'പ്രവർത്തനവും' ചേർന്ന പ്രക്രിയയെ മാത്രമേ നമ്മൾ വിദ്യാഭ്യാസമെന്നു നിർവ്വചിക്കുന്നുള്ളല്ലോ.) □

# യാത്ര അയപ്പുസമ്മേളനം

കൊല്ലം ജില്ലയിലെ വിവിധ കോളേജുകളിൽ നിന്നും ഈ വർഷം വിരമിക്കുന്ന എ കെ പി സി ടി എ അംഗങ്ങൾക്ക് ജില്ലാസമ്മേളനത്തിൽവച്ച് യാത്ര ആയപ്പു നല്കി. ഡോ. എ. ആന്റണിയുടെ അധ്യക്ഷതയിൽ നടന്ന യോഗത്തിന് പ്രൊഫ. യോഹന്നാൻകുട്ടി സ്വാഗതം പറഞ്ഞു. വിരമിക്കുന്ന അധ്യാപകർക്ക് ആശംസകൾ നേർന്നുകൊണ്ട് പ്രൊഫ. ജോൺ മത്ത്യു, പ്രൊഫ. ഹൈസിന്ത്, പ്രൊഫ. വി. എൻ. മുരളി, പ്രൊഫ. ടി. ജെ. ജയിംസ് എന്നിവർ സംസാരിച്ചു. എ കെ പി സി ടി എ നല്കിയ ഹൃദ്യമായ യാത്ര അയപ്പിന് നന്ദി പ്രകാശിപ്പിച്ചുകൊണ്ട് പ്രൊഫ. സി. കെ ജി. നായരും പ്രൊഫ. തോമസ് ജോണും സംസാരിച്ചു. പ്രൊഫ. ജേക്കബ് ജോൺ കൃതജ്ഞത രേഖപ്പെടുത്തി. □

മോൻസി വി. ജോൺ

# കലാശാലാ രഷ്ട്രീയത്തെപ്പററി

കലാശാലാ രാഷ്ട്രീയത്തെപ്പററി നാട്ടിൽ പ്രചാരത്തിലുള്ള 'സഞ്ചിത പ്രതികരണങ്ങൾ' പൊതുവെ ഇങ്ങനെ സംഗ്രഹിക്കാം.

വാദം ഒന്ന്; കലാശാലകൾ കലാപശാലകളായിരിക്കുന്നത് രാഷ്ട്രീയത്തിൻെറ അതിപ്രസരം മൂലമാണ്. എല്ലാവിഷയങ്ങളും (രാഷ്ട്രീയമുൾപ്പെടെ) പഠിപ്പിക്കുക എന്നതാണ് വിദ്യാഭ്യാസത്തിൻെറ ധർമ്മം. വിദ്യാർത്ഥികൾ രാഷ്ട്രീയത്തിൽ പ്രവർത്തിക്കേണ്ട കാര്യമില്ല. അവരുടെ കൺസഷൻ പോലെയുള്ള പ്രശ്നങ്ങൾ രക്ഷിതാക്കൾ മുൻകൈയെടുത്തു പരിഹരിക്കുകയേ വേണ്ടു. വിദ്യാർത്ഥികളെ കരുക്കളാക്കി അധികാരത്തിലേറാനുള്ള പ്രവണത രാഷ്ട്രീയ പാർട്ടികൾ ഉപേക്ഷിക്കണം. മിക്കവാറും എല്ലാ രാഷ്ട്രീയ നേതാക്കളുടെയും മക്കൾ സമരച്ചൂടേൽക്കാത്ത സ്വകാര്യ വിദ്യാലയങ്ങളിലാണു പഠിക്കുന്നത്. ഉന്നതവിദ്യാഭ്യാസരംഗത്തും സൗജന്യങ്ങൾ കുറച്ചുകൊണ്ടു കൂടുതൽ സ്വകാര്യവൽക്കരണം അനുവദിക്കുകയും കൂടുതൽ സ്വയംഭരണാവകാശങ്ങൾ നൽകുകയും ചെയ്യണം.

വാദം രണ്ട്: ഇന്നുള്ള വിദ്യാർത്ഥി സംഘടനകൾ വെറും ആൾക്കൂട്ടങ്ങൾ മാത്രമാണ്. അവയ്ക്കുരാഷ്ട്രീയമില്ല. വിദ്യാഭ്യാസത്തെ നവീകരിക്കുക എന്നതായിരിക്കണം വിദ്യാർത്ഥികളുടെ രാഷ്ട്രീയം. ഈ ലക്ഷ്യത്തോടുകൂടിയ വിദ്യാർത്ഥി സംഘടനകൾ ഉണ്ടാകണം.

വാദം മൂന്ന്: വിദ്യാർത്ഥികൾക്കു രാഷ്ട്രീയമാകാം, അവർ രാഷ്ട്രീയത്തിലിടപെടരുത് എന്നു വാദിക്കുന്നവർ മുമ്പു തങ്ങളുടെ ലക്ഷ്യങ്ങൾക്കു വിദ്യാർത്ഥികളെ കരുക്കളാക്കി സമരങ്ങൾ നടത്തിയിട്ടുള്ളവരാണ്. വിദ്യാർത്ഥികളുടെ ഇടയിലെ രാഷ്ട്രീയ കാലാവസ്ഥയിൽ വന്ന മാററം കാരണം തങ്ങൾക്കിന്നതിനു കഴിയാതെ വരുന്നതു മൂലമാണ്. ഇന്നവർ അരാഷ്ട്രീയ വാദമുന്നയിക്കുന്നത്. ചെറുപ്പത്തിലെ അവരെ പിടിച്ചെടുക്കുക എന്ന തന്ത്രം മതങ്ങൾപോലും അനുവർത്തിക്കുന്ന നയമായതിനാൽ രാഷ്ട്രീയപാർട്ടികൾക്കു അതിനു വിലക്കുകല്പിക്കാൻ കഴിയില്ല. വിദ്യാർത്ഥി സംഘടനകൾക്കു രാഷ്ട്രീയമില്ല എന്ന വാദവും അരാഷ്ട്രീയവാദം തന്നെ. അരാഷ്ട്രീയ വാദം പ്രച്ഛന്ന വേഷത്തിലുള്ള ഒരു രാഷ്ട്രീയ നിലപാടാണ്.

## കൂടുതൽ യാഥാർത്ഥ്യങ്ങൾ

ശാസ്ത്രവും കലയും സാഹിത്യവും രാഷ്ട്രമീമാംസയും ഉൾപ്പെടെ എല്ലാം മനുഷ്യരാശി നാളിതുവരെ സഞ്ചയിച്ചിട്ടുള്ള സംസ്കാരത്തിൻെറ ആഴം എന്താണെന്നു ഏറെയൊന്നും പരിശോധിക്കാതെ, അനുക്ഷണം വിസ്ഫോടനാത്മകമായി വികസിക്കുന്ന വിജ്ഞാനത്തിൻെറ ആധുനിക മേഖലകളെപ്പററി കേട്ടാൽ തലയാട്ടാനെങ്കിലുമുള്ള പരിചയം സമ്പാദിക്കാതെ, വാർത്താവിനിമയ വിപ്ലവത്തിൻെറയായ ഈ കാലത്ത് കേരളത്തിലെ ഉന്നത വിദ്യാഭ്യാസരംഗം ഒരു പ്രഹസനമായി മാറിയിരിക്കുന്നു. ഇതു കേവലം ഐ. എ. എസ് പ്രജനനത്തിൻെറ പ്രശ്നമല്ല. പൂർണ്ണമനുഷ്യനായി വളരുക എന്നതാണ് വിദ്യാഭ്യാസത്തിൻെറ ധർമ്മം എന്ന ദർശനമൊക്കെ മാററിവച്ചാലും വിജ്ഞാനംതന്നെ മത്സരത്തിൻെറ ആയുധമാക്കി മാററിയിരിക്കുന്ന പേറൻറ് യുദ്ധങ്ങളുടേതായ ഈ വ്യവസായ വിപ്ലവോത്തരകാലഘട്ടത്തിൽ കേരളത്തിൽ നടന്നുകൊണ്ടിരിക്കുന്നത്, ചില അപവാദങ്ങളൊഴിച്ചാൽ, ദയനീയമായ പ്രകടനമാണെന്നു പറയാതെവയ്യ.

എന്നാൽ ഇതിനെ താങ്ങിനിർത്താൻ ഈ സംസ്ഥാനത്തെ നികുതിദായകൻ ഏതൊരു വികസിത രാജ്യത്തോടും താരതമ്യപ്പെടുത്താവുന്നത്ര പണം ചെലവാക്കേണ്ടിവരുന്നുണ്ട്. ഒരു കോളജിൽ ഒരു ദിവസം പഠനം നടക്കാൻ ഏതാണ്ട് ഒരു ലക്ഷം രൂപ സർക്കാർ ചെലവഴിക്കുന്നതായി കണക്കാക്കപ്പെടുന്നു. എന്നിട്ടും ഉപയോഗിക്കാൻ കഴിയാത്തതും കഴിവുകെട്ടതുമായ

സാമഗ്രികളായി, പൊതുജനങ്ങൾക്കൊരു ബാദ്ധ്യതയായി നമ്മുടെ കലാലയങ്ങൾ മാറിയിരിക്കുന്നതെന്തുകൊണ്ടാണ് ?

പഠനമെന്ന പേരിൽ ഇവിടെ എന്തെങ്കിലും നടക്കുന്നത് വളരെ ചെലവേറിയ ട്യൂഷൻ കേന്ദ്രങ്ങളിലും സമാന്തരകലാലയങ്ങളിലുമാണ്. ദുർവഹമായജോലിഭാരവും അല്പശമ്പളവും ഉപരിപഠനസൗകര്യങ്ങളുടെ അഭാവവും അവിടുത്തെ അദ്ധ്യാപകരുടെ കാര്യക്ഷമതകെടുത്തുന്നു. പരീക്ഷ ജയിക്കാൻവേണ്ടി മാത്രം എന്ന കച്ചവടതന്ത്രം കൂടിയാവുമ്പോൾ ഈ ആധുനിക യുഗത്തിൽ ഒട്ടുംതന്നെ ശുപാർശ ചെയ്യാവുന്ന വിദ്യാഭ്യാസ സമ്പ്രദായമല്ലാതായി മാറുന്നു അത്. എന്നിട്ടും നമ്മുടെ സംസ്ഥാനത്ത് വിദ്യാഭ്യാസ പ്രക്രിയയുടെ ഗുരുത്വകേന്ദ്രം ഇത്തരം സ്ഥാപനങ്ങളിലേക്കു മാറുകയും രക്ഷിതാക്കളുടെമേൽ വീണ്ടും ദുർവഹമായ ഭാരം കയററിവയ്ക്കപ്പെടുകയും ചെയ്യുന്നതെന്തുകൊണ്ടാണ് ?

നമ്മുടെ കലാശാലകളുടെ പ്രധാന ആതുരത അവ പ്രവർത്തിക്കുന്നേ ഇല്ല എന്നതാണ്. സാദ്ധ്യായ ദിവസങ്ങൾ ആവശ്യത്തിൻെറ പകുതിപോലും ലഭിക്കുന്നില്ല. ഇവിടെ പഠനം അപൂർണ്ണമായിരിക്കും എന്നതാണ് പഠനത്തിനായി കലാശാലകളെ ഒട്ടും ആശ്രയിക്കാതിരിക്കാൻ കുട്ടികളെ പ്രേരിപ്പിക്കുന്ന മുഖ്യകാരണം എന്നതു സുവിദിതമാണല്ലോ. ഒരു പക്ഷേ യൂണിവേഴ്സിററി അഫിലിയേഷൻെറ പേരിൽ കാലത്തുമുതൽ വൈകുന്നേരം വരെയുള്ള സമയം പാഴാക്കുന്ന ഒരു സൊല്ലയായി ഒരു വലിയ പങ്കു വിദ്യാർത്ഥികൾ കലാശാലകളെ കാണുന്നെങ്കിൽ അതിശയിക്കാനില്ല.

## മാറുന്ന കാഴ്ചപ്പാടുകൾ

ആഗോളതലത്തിൽ അടുത്തയിടെയുണ്ടായ മാററങ്ങളിൽ സുപ്രധാനമായത് രാഷ്ട്രീയ ധ്രുവീകരണത്തിൽ വന്ന ശൈഥില്യമാണല്ലോ. പുതിയ ഒരു ഏക ധ്രുവലോകം വരുന്നു എന്നത് വെറും കിനാവാണ് എന്നതോടൊപ്പം ചൂണ്ടിക്കാണിക്കാവുന്ന ഗുണപരമായ മററൊരു സംഗതി അനേകം വൈരുദ്ധ്യങ്ങൾക്ക് ഏററുമുട്ടാനുള്ള വേദികൾ ഈ മാററംവഴി ഒരുക്കപ്പെടുന്നു എന്നതാണ്. ശക്തവും ഓജസ്സാർന്നതുമായ രാഷ്ട്രീയ ധ്രുവീകരണത്തിന് ഇതു വഴിയൊരുക്കും.

ഇവിടെ വിവക്ഷിക്കപ്പെടുന്ന ആശയം വിശദമാക്കാൻ കേരളത്തിലെ ഉന്നതവിദ്യാഭ്യാസരംഗം തന്നെ ഉദാഹരണമാക്കാം, മററെല്ലാ രംഗങ്ങളിലുമെന്നപോലെ എത്രയോ വൈരുദ്ധ്യം നിറഞ്ഞ താല്പര്യങ്ങൾ അന്യോന്യം മത്സരിക്കുന്ന ഒരു വേദിയാണിത്. വിദ്യാഭ്യാസത്തെ കച്ചവടമാക്കാൻ ഒരുങ്ങിയിറങ്ങിയിരിക്കുന്നവരും അതിനെ എതിർക്കുന്ന അദ്ധ്യാപകരും വിദ്യാർത്ഥികളും രക്ഷിതാക്കളും, വിദ്യാർത്ഥികളുടെ ബൗദ്ധികമായ ആവശ്യങ്ങൾ നിറവേററിക്കൊടുക്കാൻ കഴിവും സന്നദ്ധതയുമില്ലാത്ത അദ്ധ്യാപകരോടു പ്രതിഷേധിക്കുന്ന വിദ്യാർത്ഥികളും രക്ഷിതാക്കളും, വിദ്യയഭ്യസിക്കുന്നതിന് അവശ്യം വേണ്ട ഗൗരവബോധവും പരിശ്രമശീലവുമില്ലാത്ത വിദ്യാർത്ഥികളും അതിനെ നേരിടുന്ന അദ്ധ്യാപകരും രക്ഷകർത്താക്കളും, ഭാവിതലമുറയെ പ്രതികരണശേഷിയില്ലാത്തവരും അധാർമ്മികമായ അധീശവർഗ്ഗ താല്പര്യങ്ങളുടെ പ്രയോക്താക്കളുമാക്കാൻ പണിപ്പെടുന്നവരും അതിനെ ചെറുക്കുന്ന സമൂഹത്തിലെതന്നെ സംഘടിത ബഹുജനപ്രസ്ഥാനങ്ങളും, ആദ്ധ്യേതാക്കൾക്കോ സമൂഹത്തിനോ ഒരു ഗുണവും ചെയ്യാത്ത പഴഞ്ചൻ പാഠ്യപദ്ധതികൾ അടിച്ചേൽപ്പിക്കുന്ന സർവകലാശാലകളും അതിനെ ഉദാസീനതകൊണ്ടു നേരിടുന്ന വിദ്യാർത്ഥികളും, ഈ മേഖലയുടെ പ്രാധാന്യവും സങ്കീർണ്ണതകളും തിരിച്ചറിയാതെ തെരഞ്ഞെടുപ്പു രാഷ്ട്രീയത്തിൽ സൗകര്യപൂർവ്വം ഉപയോഗിക്കാവുന്ന കരുക്കളായി വിദ്യാർത്ഥികളെ കണക്കാക്കുന്ന കുറച്ചെങ്കിലും രാഷ്ട്രീയക്കാരും അതിനെതിരെ മുന്നറിയിപ്പു നൽകുന്നവരും, ജനാധിപത്യപരമായി വിദ്യാർത്ഥിസംഘടനാ പ്രവർത്തനം നടത്തുന്നവരും കൈയൂക്കുകൊണ്ടു കാര്യം കാണാമെന്നു വിശ്വസിക്കുന്നവരും, വിദ്യാർത്ഥികളുടെ ഇടയിൽ തന്നെ സമ്പന്നവർഗ്ഗത്തിൽ നിന്നുവരുന്ന കുറെപ്പേരുടെ പൊങ്ങച്ച സംസ്കാരവും ലൈംഗിക അരാജകത്വവും അതിനെ ചെറുത്തുകൊണ്ട് സാധാരണ വിദ്യാർത്ഥികൾ അഭിമാനബോധം നഷ്ടപ്പെടാതിരിക്കാൻ നടത്തുന്ന പരിശ്രമങ്ങളും, കാര്യങ്ങൾ ഗ്രഹിച്ചാലുമില്ലെങ്കിലും അതിംഗ്ലീഷിലാകണമെന്ന വാദവും ഇംഗ്ലീഷ് പഠിച്ചാലുമില്ലെങ്കിലും കാര്യങ്ങൾ ഗ്രഹിച്ചാൽ മതിയെന്ന മനോഭാവവും അങ്ങനെ ധാരാളം വൈരുദ്ധ്യങ്ങൾ നമുക്കിവി

ടെ കാണാൻ കഴിയും. ഇതിൽ ഒന്നിനെ മുഖ്യ വൈരുദ്ധ്യമായി തെരഞ്ഞെടുക്കുകയും മററെല്ലാം താൽകാലികമായെങ്കിലും അപ്രധാനമെന്നെണ്ണുകയും ചെയ്യുന്ന പഴയ സമ്പ്രദായം പിൻവലിക്കുകയും എല്ലാ വൈരുദ്ധ്യങ്ങൾക്കും അതാതിന്റെ പ്രാധാന്യം നല്കുകയും ചെയ്യുമ്പോഴേ മാത്രമേ പുരോഗമനത്തിന്റെ പാതയിലെ ദുർഘടങ്ങൾ ഒഴിവാക്കാൻ കഴിയൂ.

കേരളത്തിന്റെ സാഹചര്യത്തിൽ മേൽപറഞ്ഞ വിരുദ്ധ താല്പര്യങ്ങൾ തമ്മിലുള്ള ഏററുമുട്ടൽ ആരോഗ്യകരമായ രീതിയിൽ സജീവമായിട്ടില്ലെങ്കിലും ഇന്നവയ്ക്കുള്ള ശക്തിയുടെ ആകെത്തുകതന്നെയാണ് ഇന്നത്തെ കലാശാലാ രാഷ്ട്രീയരംഗം. ആ നിലയ്ക്കു ഇന്നു നിലനിൽക്കുന്ന കലാശാല രാഷ്ട്രീയത്തെ വിലകുറച്ചു കാണാൻ ശ്രമിക്കുന്നത് കഥയില്ലായ്മയാണ്. എങ്കിലും പൊതുവെ ഇത്തരം പ്രശ്നങ്ങൾ നേരിടുന്ന മററു പൊതുമേഖലാ സ്ഥാപനങ്ങളിലെന്നപോലെ ഈ വ്യവസ്ഥയ്ക്കും നേരിടാവുന്ന തകർച്ചയുടെയും ശിഥിലീകരണത്തിന്റെയും അശുഭലക്ഷണങ്ങൾ കാണപ്പെട്ടുതുടങ്ങിയിരിക്കുന്നു. ഇതു തകർന്നു കഴിഞ്ഞാൽ മേൽപ്പറഞ്ഞ വൈരുദ്ധ്യങ്ങളെല്ലാം പരിഹരിക്കപ്പെടുമോ? പകരം വരുന്ന സ്വകാര്യവൽക്കരണത്തിനും സ്വയംഭരണത്തിനും സമൂഹഗാത്രത്തെ ചൈതന്യവത്താക്കുന്ന പ്രവർത്തനമായി വിദ്യാഭ്യാസത്തെ മാററാൻ കഴിയുമോ? അടിമത്തം, ദാരിദ്ര്യം, നിരക്ഷരത, ചൂഷണം, വർഗ്ഗീയത, വിഘടനവാദം തുടങ്ങിയ വിപത്തുകളിൽ നിന്നും അതു ജനങ്ങളെ വിമോചിപ്പിക്കുമോ? ഇല്ല എന്നതാണുത്തരം. സാർവ്വത്രിക വിദ്യാഭ്യാസത്തിൽ നിന്നുമുള്ള പ്രതിഭകളെ ഉയർന്ന ശാസ്ത്രസാങ്കേതിക മേഖലകളിലേക്കു നയിക്കുക എന്ന ഉന്നത വിദ്യാഭ്യാസത്തിന്റെ ലക്ഷ്യത്തിനുപകരം കുറെ പണച്ചാക്കുകളെ ബിരുദങ്ങളുടെ കീർത്തിമുദ്രകളണിയിക്കുക എന്നതേ വിദ്യാഭ്യാസ കച്ചവടക്കാർക്കു കഴിയൂ.

അതുകൊണ്ട് നിലനിൽക്കുന്ന ഉന്നതവിദ്യാഭ്യാസ വ്യവസ്ഥയെ തകരാതെ സംരക്ഷിക്കുകയും ആരോഗ്യകരമായ രീതിയിൽ വളർത്തിയെടുക്കുകയും ചെയ്യേണ്ടതുണ്ട്. അതിനുവേണ്ടത് മേൽപറഞ്ഞ വൈരുദ്ധ്യങ്ങൾക്കെല്ലാം അതാതിന്റെ പ്രാധാന്യം നല്കുക എന്നതുമാത്രമാണ്. അങ്ങനെ വന്നാൽ ഇന്നത്തെ കലാലയ രാഷ്ട്രീയത്തിൽ ഗുണപരമായ മാററമുണ്ടാവും. അതായത് ചീത്തരാഷ്ട്രീയത്തിനു പകരം വേണ്ടത് രാഷ്ട്രീയമില്ലാതിരിക്കുക എന്നതല്ല, പ്രത്യുത നിലനില്ക്കുന്ന രാഷ്ട്രീയം ശക്തിപ്പെടുത്തുക എന്നതാണ്.

## പ്രവർത്തന പദ്ധതി

വീണ്ടുമൊരു ഉദാഹരണത്തിൽക്കൂടി മേൽപറഞ്ഞ വസ്തുത വിശദീകരിക്കാം. അദ്ധ്യാപനം മാന്യതയുള്ള ഒരു തൊഴിലാകണമെങ്കിൽ അദ്ധ്യാപകർക്ക് ഉയർന്ന വേതനവും സേവനസ്ഥിരതയുമുണ്ടാകണം. ഈ ഉദ്ദേശത്തോടെയാണ് കേരളത്തിലെ കോളേജ് അദ്ധ്യാപകർ യു ജി സി സ്കീമിനു വേണ്ടി ശബ്ദമുയർത്തിയത്. അതിൽ അവർ വിജയിക്കുകയും ചെയ്തു. പക്ഷേ യു ജി സി സ്കീമിൽ അദ്ധ്യാപകരുടെ മേൽപ്പറഞ്ഞ താല്പര്യത്തിനുപുറമെ ഉന്നതവിദ്യാഭ്യാസ രംഗത്തു ഗുണപരമായ മാററം ആവശ്യപ്പെടുന്ന പ്രാഥമികമായും വിദ്യാർത്ഥികളുടെയും ബഹുജനങ്ങളുടെതുമായ താല്പര്യവും വിഭാവനം ചെയ്തിട്ടുണ്ട്. പക്ഷേ ഈ താല്പര്യം വേണ്ടത്ര ശക്തിപ്പെടാത്തതുമൂലം ഭരണ നേതൃത്വത്തിന് ഇച്ഛാശക്തിയില്ലാതെ പോയി. കലാശാലാ രാഷ്ട്രീയത്തിൽ ബഹുജനങ്ങളുടെ സജീവ പങ്കാളിത്തം ഉറപ്പാക്കേണ്ടതിന്റെ ആവശ്യകതയിലേക്കാണിതു വിരൽ ചൂണ്ടുന്നത്.

അനുപേക്ഷണീയമായ കാര്യങ്ങളിൽ ഇച്ഛാശക്തി കാണിക്കേണ്ടതിനുപകരം സ്വകാര്യവത്ക്കരണത്തിനും സ്വയംഭരണത്തിനും വാതിൽ തുറന്നുകൊടുക്കുന്നത് ഇതിനെ തകർക്കാനുള്ള ശ്രമമാണ്. അതിനെതിരെ വിദ്യാർത്ഥികളും രക്ഷിതാക്കളും അദ്ധ്യാപകരും ഒന്നിച്ചുപോരാടണം. കാലോചിതമായി വിദ്യാഭ്യാസത്തെ നവീകരിക്കാൻ കഴിയാത്ത യൂണിവേഴ്സിററികളിലും ഇവരൊന്നിച്ചു സമ്മർദ്ദം ചെലുത്തണം. യൂണിവേഴ്സിററികളെ സർക്കാർ വകുപ്പുകളാക്കാനുള്ള നീക്കങ്ങളെയും ചെറുക്കണം. വിദ്യാഭ്യാസത്തെ അർപ്പണബോധത്തോടെ സമീപിക്കാൻ വിദ്യാർത്ഥികളെ പൊതുവെയും വിദ്യാർത്ഥി സംഘടനകളെ പ്രത്യേകിച്ചും പ്രേരിപ്പിക്കാൻ അദ്ധ്യാപകരും ബഹുജനങ്ങളും കൈകോർക്കണം. അനാവശ്യസമരങ്ങളിൽകൂടി സാദ്ധ്യായ ദിവസങ്ങൾ നഷ്ടപ്പെടരുത്. വിദ്യാർത്ഥിസമരങ്ങ

# കൊല്ലം ജില്ലാ സമ്മേളനം

കൊട്ടാരക്കര സെൻറ് ഗ്രിഗോറിയസ് കോളേജിൽ 1993 മാർച്ച് 13 നു നടന്ന എ കെ പി സി ടി എ കൊല്ലം ജില്ലാ സമ്മേളനം എൻ. ജി. ഒ. യൂണിയൻ സംസ്ഥാന സെക്രട്ടറിയേററ് മെമ്പർ കെ. വരദരാജൻ ഉദ്ഘാടനം ചെയ്തു. ജില്ലാ പ്രസിഡൻറ് ഇ. അബ്ദുൾ റഹിം അ ദ്ധ്യക്ഷനായിരുന്നു. അദ്ധ്യാപകരും ജീവനക്കാരും നേടിയെടുത്ത നേട്ടങ്ങൾ ഒന്നൊന്നായി നഷ്ടപ്പെട്ടുകൊണ്ടിരിക്കുന്നതാണ് ഇന്നത്തെ സാഹചര്യമെന്ന് ഉദ്ഘാടകൻ അഭിപ്രായപ്പെട്ടു. രാജ്യമാകട്ടെ ജാതി മത ശക്തികളുടെ പിടിയിലമർന്നു കൊണ്ടിരിക്കുകയുമാണ്. ഈ സാഹചര്യത്തിൽ സംഘടിതപ്രസ്ഥാനങ്ങൾ ജാഗ്രതയോടെ പ്രവർത്തിക്കേണ്ടതുണ്ടെന്ന് ശ്രീ. വരദരാജൻ പറഞ്ഞു. എ കെ പി സി ടി എ പ്രവർത്തനങ്ങളിൽ സ്ത്രീകളുടെ പങ്കാളിത്തം വർദ്ധിപ്പിക്കണമെന്നും അദ്ദേഹം അഭിപ്രായപ്പെട്ടു. സംഘടന അടിയന്തിരമായി ഏറെറടുക്കേണ്ട ചുമതലകളെപ്പററി വിശദീകരിച്ചുകൊണ്ട് എ കെ പി സി ടി എ സെക്രട്ടറി പ്രൊഫ. പി. ഹരിദാസൻ സംസാരിച്ചു. ജില്ലയിലെ ഒരു വർഷത്തെ പ്രവർത്തനങ്ങളുടെ റിപ്പോർട്ട് ജില്ലാസെക്രട്ടറി പ്രൊഫ. അർജ്ജുനൻ അവതരിപ്പിച്ചു. റിപ്പോർട്ടിൻമേൽ നടന്ന ചർച്ചയിൽ വിവിധ കോളേജുകളിൽ നിന്നുള്ള പ്രതിനിധികൾ പങ്കെടുക്കുകയുണ്ടായി. സെക്രട്ടറിയുടെ മറുപടിക്കുശേഷം റിപ്പോർട്ട് പാസ്സാക്കി. പ്രൊഫ. കെ. ജെ. ചെറിയാൻ സ്വാഗതവും പ്രൊഫ. കെ. ജി. മാത്യു നന്ദിയും പറഞ്ഞു. □

---

ളോട് സമൂഹം ഉദാസീനമായ നിലപാടു സ്വീകരിക്കുന്നതു മൂലമാണ് മിക്ക വിദ്യാർത്ഥിസമരങ്ങളും നീണ്ടുപോകുന്നത് കലാലയ രാഷ്ട്രീയത്തിൽ അക്രമം കാണിക്കുന്നവരെ അങ്ങനെയല്ലാത്ത ഭൂരിപക്ഷം വിദ്യാർത്ഥികളും അദ്ധ്യാപകരും കോളേജ് അധികൃതരും ചേർന്ന് ഒററപ്പെടുത്തണം. ഇതുപോലെ മുമ്പു സൂചിപ്പിച്ചവയും അല്ലാത്തവയുമായ എല്ലാ പ്രസക്ത വൈരുദ്ധ്യങ്ങളിലും സന്തുലനത്തിൽ ആരോഗ്യകരമായ മാററം വരണം. ഇതെല്ലാം നിലനിൽക്കുന്ന കലാലയ രാഷ്ട്രീയ പ്രവർത്തനങ്ങളെ ശക്തിപ്പെടുത്തുകയും കൂടുതൽ ആളുകൾ കൂടുതൽ ഊർജ്ജസ്വലതയോടെ രാഷ്ട്രീയ പ്രവർത്തനങ്ങളിൽ പങ്കെടുക്കുകയും ചെയ്യുന്നതിലൂടെ മാത്രമേ സാധിക്കൂ. ഒട്ടും തന്നെ കാലവിളംബം കൂടാതെ ഇത്തരം പ്രവർത്തനങ്ങൾ ആരംഭിച്ചാലെ ഗവൺമെൻറ് എയിഡഡ് സ്കൂളുകൾ നിർത്തലാക്കിക്കൊണ്ട് ഇപ്പോൾ ഈ സംസ്ഥാനത്ത് ആരംഭിച്ചിരിക്കുന്ന പ്രക്രിയ ഉന്നതവിദ്യാഭ്യാസ രംഗത്തെയും വിഴുങ്ങുന്ന അവസ്ഥ ഒഴിവാക്കാൻ കഴിയും. □

## ദൈവം

സച്ചിദാനന്ദൻ

എല്ലാവരുടെയും ദൈവം ഒന്നുതന്നെയാണ്
പക്ഷേ ഞങ്ങളുടെ ദൈവം ഒന്നരയാണ്
എല്ലാവരുടെയും വിശ്വാസം പരിശുദ്ധമാണ്
പക്ഷേ ഞങ്ങളുടെ വിശ്വാസം പരിപരിശുദ്ധമാണ്
എല്ലാവരുടെയും ചോരയ്ക്ക് ഒരു നിറമാണ്
അതു തെളിയിക്കാനാണ് ഞങ്ങൾ
നിങ്ങളുടെ ചോര തെരുവിലൊഴുക്കിയത്
പിന്നെ, ഞങ്ങൾ പ്രാർത്ഥിക്കുന്നത്,
അത് ഞങ്ങളെ നിങ്ങളിൽ നിന്നു രക്ഷിക്കാനാണ്
നിങ്ങളെ ഞങ്ങളിൽനിന്ന് രക്ഷിക്കാനല്ല

# പുനലൂർ എസ് എൻ കോളേജിൽ സെമിനാറും ബ്രാഞ്ച് വാർഷിക സമ്മേളനവും

എ കെ പി സി റ്റി എ പുനലൂർ എസ് എൻ കോളേജ് ബ്രാഞ്ച് വാർഷികസമ്മേളനവും സെമിനാറും മാർച്ച് 5 ന് നടന്നു. രാവിലെ 11 മണിക്ക് 'ഏകീകൃത സർവകലാശാലാ നിയമം' എന്ന പ്രബന്ധത്തെ ആധാരമാക്കി സെമിനാർ നടന്നു. സെനറ്റിലേക്ക് തെരഞ്ഞെടുക്കപ്പെട്ട എ കെ പി സി റ്റി എ സംസ്ഥാന സെക്രട്ടറി പ്രൊഫ. പി. ഹരിദാസൻ ആയിരുന്നു പ്രബന്ധം അവതരിപ്പിച്ചത്. സർവകലാശാലകളുടെ പരമാധികാര സഭയായ സെനറ്റിന്റെ ജനാധിപത്യ സ്വഭാവം നഷ്ടപ്പെടുത്താനുള്ള നീക്കത്തെപ്പറ്റി അദ്ദേഹം മുന്നറിയിപ്പു നൽകി. ഏകീകൃത നിയമത്തിന്റെ ഡ്രാഫ്റ്റിൽ പതിയിരിക്കുന്ന അപകടങ്ങൾ വളരെ ഗുരുതരമായ പ്രത്യാഘാതങ്ങൾ ഉളവാക്കുന്നതാണ്. അദ്ധ്യാപകരുടെ സേവനഭദ്രത, സ്റ്റാറ്റസ് എന്നിവയ്ക്ക് സാരമായ കോട്ടം തട്ടും. വിദ്യാർത്ഥികളുടെ ജനാധിപത്യവേദികൾ തകർക്കപ്പെടും. അദ്ധ്യാപകരുടെയും മറ്റും സംഘടിത നീക്കങ്ങളിലൂടെ മാത്രമെ ഇതിനെ എതിർത്ത് തോൽപ്പിക്കാനാകൂ.

പ്രൊഫ. എൻ ഹെയ്സിന്ത് (സെനറ്റ് മെമ്പർ ഫാത്തിമാ കോളേജ് കൊല്ലം) പ്രൊഫ. ജോൺ മാത്യു (സെനറ്റ് മെമ്പർ സെന്റ് ഗ്രിഗോറിയോസ് കോളേജ് കൊട്ടാരക്കര) എന്നിവർ തുടർന്നുള്ള ചർച്ചയിൽ പങ്കെടുത്തു. ആട്ടോണോമസ് – സെൽഫ് ഫൈനാൻസിംഗ്-കണക്ടഡ് കോളേജുകൾ ഇന്ത്യയിൽ പലയിടത്തും പരീക്ഷിക്കപ്പെട്ട് പരാജയമടഞ്ഞ പ്രസ്ഥാനങ്ങളാണെന്നും, ഏകീകൃത നിയമത്തോടൊപ്പം ഇവ കേരളത്തിൽ നടപ്പാക്കാൻ ശ്രമിക്കുന്നത് അഴിമതിയും സ്വജന പക്ഷപാതവും വളർത്താനാണെന്നും പ്രൊഫ. ഹെയ്സിന്ത് പ്രസ്താവിച്ചു. ഏകീകൃത നിയമം നമ്മുടെ സംഘടിത ശക്തികൊണ്ട് എതിർത്ത് തോൽപ്പിക്കാനുള്ള സമരപരിപാടികൾക്ക് അദ്ധ്യാപകർ ഒന്നടങ്കം രംഗത്തിറങ്ങണമെന്ന് പ്രൊഫ. ജോൺമാത്യു അഭ്യർത്ഥിച്ചു. 'ന്യൂസെനറ്റേഴ്സിനെ' മാത്രം ഉൾക്കൊള്ളിച്ച് നടന്ന പുതുമയാർന്ന ഈ സെമിനാറിൽ അദ്ധ്യാപകർ ആവേശപൂർവ്വം പങ്കെടുത്തു. യോഗത്തിന് പ്രൊഫ. വി സുരേന്ദ്രൻ സ്വാഗതവും ബ്രാഞ്ച് സെക്രട്ടറി കൃതജ്ഞതയും പറഞ്ഞു.

തുടർന്നു നടന്ന ബ്രാഞ്ച് വാർഷിക സമ്മേളനത്തിൽ ബ്രാഞ്ച് പ്രസിഡണ്ട് പ്രൊഫ. കെ. പാർത്ഥൻ അദ്ധ്യക്ഷനായിരുന്നു. പ്രൊഫ. കെ പി പ്രസാദ് സ്വാഗതം ആശംസിച്ചു. ബ്രാഞ്ച് സെക്രട്ടറി ശ്രീ എം എസ് വസന്തകുമാർ വാർഷിക റിപ്പോർട്ട് അവതരിപ്പിച്ചു. ഊർജ്ജസ്വലമായ സംഘടനാപ്രവർത്തനത്തിന്റെ രേഖയായി തുടർന്നു നടന്ന ചർച്ചയിൽ വാർഷിക റിപ്പോർട്ടിനെ അംഗങ്ങൾ വിലയിരുത്തി. സംഘടനാ-സർവ്വീസ്-ഇൻകം ടാക്സ് വിഷയങ്ങളിലുള്ള അംഗങ്ങളുടെ സംശയങ്ങൾക്ക് പ്രൊഫ. പി ഹരിദാസൻ മറുപടി പറഞ്ഞു. '93-'94ലേക്കുള്ള പുതിയ ബ്രാഞ്ച് ഇലക്ഷന്റെ ഫലങ്ങൾ റിട്ടേണിംഗ് ഓഫീസർ പ്രൊഫ. കെ വി നരസിംഹമൂർത്തി യോഗത്തിൽ പ്രഖ്യാപിച്ചു. എതിരില്ലാതെ ശ്രീ. കെ. പാർത്ഥൻ (പ്രസിഡന്റ്) ശ്രീ. എം എസ് വസന്തകുമാർ (സെക്രട്ടറി) ശ്രീ. വി സുരേന്ദ്രൻ, ശ്രീ. കെ പി പ്രസാദ്, ശ്രീ. കെ. ഗോപാലകൃഷ്ണൻ ശ്രീ. പി ഹരിദാസൻ, ശ്രീ. പി കൃഷ്ണൻകുട്ടി (കൗൺസിലേഴ്സ്) തുടങ്ങിയവർ തെരഞ്ഞെടുക്കപ്പെട്ടു.

അദ്ധ്യാപകരുടെ കലാപരിപാടികൾ തുടർന്നു നടന്നു. പ്രൊഫ. ജെ രവീന്ദ്രനാഥൻ നായർ, ശ്രീ. ജി ശിവരാജൻ, ശ്രീ. ആർ രാജഗോപാൽ എന്നിവർ ഗാനം ആലപിച്ചു. ശ്രീ. എം എസ് വസന്തകുമാർ കവിത ചൊല്ലി. സമ്മേളനത്തിൽ പങ്കെടുത്തവർക്ക് ഡി ആനന്ദൻ നന്ദി പറഞ്ഞു.

# എ കെ പി സി ടി എ:
# പത്തനംതിട്ട ജില്ലാസമ്മേളനം

93-മാർച്ച് 13 ശനിയാഴ്ച രാവിലെ പത്തുമണിക്ക് "ഇൻഡ്യൻ മതേതരത്വം നേരിടുന്ന വെല്ലുവിളികൾ" എന്ന വിഷയത്തെക്കുറിച്ച് തിരുവല്ല മാർത്തോമാ കോളജിൽവച്ച് നടന്ന സെമിനാർ കടമ്മനിട്ട രാമകൃഷ്ണൻ ഉത്ഘാടനം ചെയ്തു. ഈ സെമിനാറോടെയാണ് പത്തനംതിട്ട ജില്ലാസമ്മേളനം ആരംഭിച്ചത്. അധ്യാപകർ വെറും ജോലിക്കാർ മാത്രമല്ല, സംസ്കാരത്തിന്റെയും വിജ്ഞാനത്തിന്റെയും വാഹകർ കൂടിയാണ്. നമ്മുടെ രാഷ്ട്രം നേരിടുന്ന വെല്ലുവിളികൾക്ക് പോംവഴി കാണുവാൻ അവർക്ക് കഴിയണം. എല്ലാ മതങ്ങൾക്കും തുല്യ പ്രാധാന്യം അനുവദിച്ചിട്ടുള്ള സങ്കൽപമാണ് ഇൻഡ്യൻ മതേതരത്വം. ഇന്ന് ഹൈന്ദവ മത സങ്കൽപ്പം രാഷ്ട്രീയ അധികാരം കൈയടക്കുന്നതിന് നിരക്ഷരുടെ ഇടയിൽ പ്രയോഗിക്കപ്പെടുന്നു. ഹൈന്ദവ സവർണ വൈദീക ഭരണകൂടത്തിന്റെ സ്ഥാപനമാണ് ഇന്നത്തെ യാഥാസ്ഥികരുടെ ലക്ഷ്യം എന്നാൽ ഇണ് പ്രചരിപ്പിക്കപ്പെടുന്ന ഹൈന്ദവ വർഗ്ഗീയത ഭൂരിപക്ഷം ത്തടിസ്ഥാനവർഗ ഹൈന്ദവർക്കും അപകടകരമാണ്. ബഹുമതങ്ങളുടെ സംഗമഭൂമിയായ ഭാരതത്തിൽ എല്ലാമതങ്ങൾക്കും തുല്യതയുണ്ടെങ്കിലും ഭരണാധികാരികളുടെ സത്യസന്ധതയില്ലായ്മ രാജ്യത്തിന്റെ മതേനരത്വ സ്വഭാവത്തെ തകർത്തിരിക്കുന്നു. മതങ്ങളുടെ യൗവനം നിലനിർത്തികൊണ്ട് പരസ്പരം സ്നേഹവും ആത്മാർത്ഥതയും പങ്കിട്ട് വർഗീയത തടയുവാൻ കഴിയുമെന്നാശിച്ചുകൊണ്ട് കടമ്മനിട്ട ഉപസംഹരിച്ചു.

മഹാത്മാഗാന്ധി യൂണിവേഴ്സിററി സ്കൂൾ ഓഫ് സോഷ്യൽ സയൻസ് ഡിപ്പാർട്ട്മെൻറിലെ ഡോ. എം. മുരളീധരൻ മുഖ്യ പ്രഭാഷകനായിരുന്നു ഇൻഡ്യൻ മതനിരപേക്ഷത നേരിടുന്ന വെല്ലുവിളികൾ ഏതൊക്കെയെന്ന് അദ്ദേഹം അപഗ്രഥനം ചെയ്തു. ഇഡ്യൻ ഭരണക്രമത്തിൽ ജനങ്ങൾക്ക് വിശ്വാസംനഷ്ടപ്പെട്ടിരിക്കുന്നു. മതവും മത പരമായ അസ്ഥിത്വവും തമ്മിൽ വേർതിരിച്ചുകാണണം. ഹിന്ദുഅസ്ഥിത്വത്തിന്റെ അടിസ്ഥാനശിലകൾ എന്തൊക്കെയാണെന്നദ്ദേഹം വിശദീകരിച്ചു. ഒന്നാമതായി കോളോണിയൽ വ്യവഹാരത, രണ്ടാമത് ദേശീയത, മൂന്നാമത് സാമൂഹ്യപരിഷ്കാരങ്ങൾ. ഇൻഡ്യൻ ഇടത്തരക്കാരനെ അവന്റെ യഥാർത്ഥ സാമ്പത്തിക പ്രശ്നങ്ങളിൽ നിന്നും ശ്രദ്ധ തിരിച്ച് ഒരുമിപ്പിക്കുന്നതിനുള്ള രാഷ്ട്രീയ തന്ത്രമാണ് ഹിന്ദുത്വവാദം. ഇത് മനസ്സിലാക്കി നാം പ്രതികരിക്കണം.

മുൻനാഗാലൻറ് ഗവർണർ ഡോ: എം. എം. തോമസ് മോഡറേററായിരുന്നു. കൊളോണിയലിസത്തിന്റെ സ്വാധീനം രാഷ്ട്രീയരംഗത്ത്മാത്രമല്ല മതരംഗത്തും സാംസ്കാരികരംഗത്തുമുണ്ടായി. ഈ സ്വാധീനത്തെ നേരിടുന്നതിന് പലപ്പോഴായി ഹിന്ദുനവീകരണവും നവോത്ഥാനവും ഉണ്ടായി. ഇന്ന് ഹിന്ദുഫാസിസത്തെ നേരിടുന്നതിന് നെഹ്റുവിനെപ്പോലുള്ള നേതൃത്വമില്ല. നവീകരണപ്രസ്ഥാനങ്ങളുടെ അഭാവമാണ് ഇന്ന് ഇഡ്യയിൽ യാഥാസ്ഥിതികത്വം വളരുന്നതിന് പ്രേരകമാകുന്നത്. മതേതരത്വം സംരക്ഷിക്കണമെങ്കിൽ മനുഷ്യത്വത്തിനെ ബഹുമാനിക്കുന്ന ആത്മീയത ഉണ്ടാകേണ്ടിയിരിക്കുന്നു.

തുടർന്നുനടന്ന ചർച്ചയിൽ പ്രൊഫ. കെ. കൃഷ്ണൻകുട്ടി പ്രൊഫ. ശിവശങ്കരപ്പിള്ള, പ്രൊഫ. ജോർജ്ജ് വർഗീസ് തുടങ്ങിയവർ പങ്കെടുത്തു. ഫിലിപ്പ് എം. തോമസ് സ്വാഗതവും വി. ജെ. പത്രോസ് നന്ദിയും പറഞ്ഞു

ഉച്ചകഴിഞ്ഞ് ജില്ലാപ്രസിഡണ്ട് പ്രൊഫ. എൻ. വിജയന്റെ അദ്ധ്യക്ഷതയിൽ കൂടിയ പ്രവർത്തക സമ്മേളനം സംസ്ഥാനപ്രസിഡണ്ട് പ്രൊഫ. ജോർജ്ജ് സെബാസ്റ്റ്യൻ ഉൽഘാടനം ചെയ്തു. കോട്ടയത്തു വച്ച് നടക്കുന്ന വാർഷിക സമ്മേളന പരിപാടികളുടെ ഒരു ചുരുങ്ങിയ വിശദീകരണത്തിനുശേഷം സംഘടനയ്ക്ക് തിളക്കമാർന്ന നേട്ടങ്ങൾ കൈവരിക്കുവാൻ പ്രാപ്തമാക്കിയ മുൻകാല നേതാക്കന്മാരെ അനുസ്മരിക്കേണ്ടത് ഏററവും ഉചിതമാണെന്ന് അഭിപ്രായപ്പെട്ടു.

# ചോദ്യോത്തരപംക്തി

(പി ഹരിദാസൻ, സെക്രട്ടറി, എ കെ പി സിടി എ)

ആൻറണി, കൊല്ലം.

ചോദ്യം :

ഞാൻ അടുത്തവർഷം സർവ്വീസിൽ നിന്നും വിരമിക്കുന്നു. എൻെറ സൂപ്പർ ആനുവേഷൻ തീയതി 20-11-93 ആണ്. 240 ദിവസത്തെ HPL ക്രഡിററിലുണ്ടാകും. നവംബർ 93 മുതൽ ഞാൻ ലീവിൽ പ്രവേശിച്ചാൽ എന്നുവരെ എനിക്കു ലീവിൽ തുടരാം. KSR ലെ ഏതു നിയമപ്രകാരമാണെനിക്കീ ലീവുലഭിക്കുക? ഞാൻ എന്നു സർവ്വീസിൽ നിന്നും പിരിയണം?

ഉത്തരം: പെൻഷൻ പ്രായം പൂർത്തിയാവുന്നതിനുമുമ്പ് ഒരദ്ധ്യാപകൻെറ അവധി ആരംഭിക്കുകയും, ആ അവധിയുടെ കാലയളവ് പെൻഷൻ പ്രായം പൂർത്തിയായതിനു ശേഷമുള്ള ഏതെങ്കിലും തീയതികളിൽ മാത്രം അവസാനിക്കുകയും ചെയ്യുന്ന പക്ഷം, ആ അദ്ധ്യാപകന് ആ അദ്ധ്യായനവർഷാവസാനം വരെ സേവനത്തിൽ തുടരാവുന്നതാണ്. ഇതുപ്രകാരം അവധിയിലിരിക്കുന്നവർ വിദ്യാലയ വർഷാവസാനദിവസംതിരികെ ജോലിയിൽ പ്രവേശിച്ചിരിക്കണം. താങ്കൾ നവംബർ 19-ാംതീയതി മുതൽക്കാണ് ലീവിൽപ്രവേശിക്കുന്നതെങ്കിൽ, കമ്മ്യൂട്ടഡ് ലീവ് എടുക്കുന്ന പക്ഷം, 120 ദിവസത്തെ $\left(\frac{240}{2}\right)$ അവധികഴിഞ്ഞ് 1994 മാർച്ച് 18-ാം തീയതി തിരികെ ജോലിയിൽ പ്രവേശിക്കണം. മാർച്ചിലെ അവസാനത്തെ അദ്ധ്യയന ദിവസംവരെ ജോലിയിൽ തുടരാവുന്നതാണ്. (Ruling 2 under Rule 60 (c) of Part I KSR and letter No 19331/R.4/85. Fin dt 29-6-85)

ഡോ: ജോസഫ്ജോസ്

ചോദ്യം:

കോളേജുകളിലെ അംഗീകൃത റിസർച്ച് ഗൈഡിന് UGC യുടെ നിബന്ധനകളിൽ പറയുന്ന 8 മണിക്കൂർ ടീച്ചിംഗിൽ കിഴിവ് അനുവദനീയമാണോ? അതിന് പ്രത്യേക സർക്കാർ ഉത്തരവ് ആവശ്യമുണ്ടോ.

ഉത്തരം: GO (P) No 79/90/H. edn dt 27-3-90 ൻെറ അനുബന്ധമായി പുറപ്പെടുവിച്ചിട്ടുള്ള അപ്പെൻഡിക്സ് അഞ്ചിലാണ് ഇതിനെക്കുറിച്ചു പറഞ്ഞിട്ടുള്ളത്. അപ്രൂവ്ഡ് ഗൈഡായതുകൊണ്ടുമാത്രം ഈ സൗജന്യം ലഭിക്കില്ല. കോളേജുകളിലാകുമ്പോൾ അവർ റീഡർമാർകൂടി ആയിരിക്കണം. പി എച്ച് ഡി ബിരുദമുള്ള സെലക്ഷൻ ഗ്രേഡ് ലക്ചറർമാർക്കാണ് റീഡറായി പ്രൊമോഷൻ ലഭിക്കാൻ അർഹതയുള്ളത്. ഇതിലേയ്ക്കുവേണ്ട പ്രൊപ്പോസൽ കോളേജ് വിദ്യാഭ്യാസ ഡയറക്ടർക്കയച്ച് പോസ്ററ് അപ്ഗ്രേഡ് ചെയ്തുവാങ്ങണം. ഇങ്ങനെയുള്ളവർക്ക്, ടീച്ചിംഗിനും, ലബോറട്ടറി ജോലിക്കുമായി ആഴ്ചയിൽ 8മണിക്കൂറോളം സമയം ചിലവഴിച്ചാൽ മതിയാകും. എന്നാലിവർ റിസർച്ച് സംബന്ധമായ ജോലികൾക്ക് (own reserch, guiding and supervising reserch work) 14 മണിക്കൂറോളം നീക്കിവയ്ക്കണം. □

---

സംസ്ഥാന വൈസ് പ്രസിഡണ്ട് പ്രൊഫ. പി. ജി. ചന്ദ്രശേഖരൻ നായർ, സെക്രട്ടറി പ്രൊഫ. പി. ജെ. ഫിലിപ്പ് എന്നിവർ ആശംസാ പ്രസംഗങ്ങൾ നടത്തി. ജില്ലാസെക്രട്ടറി പ്രൊഫ. പി. ജെ. പത്രോസ് അവതരിപ്പിച്ച പ്രവർത്തനറിപ്പോർട്ടിൽ ജില്ലയിലെ മെമ്പർഷിപ്പ് നിലവാരം, ജില്ലാകൗൺസിൽ യോഗങ്ങൾ, ഫണ്ട് പിരിവുകൾ പ്രവർത്തകക്യാമ്പ, സംഘടനനയിച്ച പ്രക്ഷോഭസമരങ്ങൾ തുടങ്ങിയവയെപ്പററി ഒരു ചുരുങ്ങിയ വിലയിരുത്തൽ നടത്തി. സംഘടനാചർച്ചയിൽ പ്രൊഫ. ജോൺ ഫിലിപ്പ്, പ്രൊഫ. ജോൺ മത്തായി പ്രൊഫ. ഭാർഗവൻപിള്ള, പ്രൊഫ. മോഹൻ പി. തോമസ് തുടങ്ങിയവർ പങ്കെടുത്തു. പ്രൊഫ. സി. മാമ്മച്ചൻ സ്വാഗതവും പ്രൊഫ. അലക്സാണ്ടർ മാത്യു നന്ദിയും പറഞ്ഞു.


# എസ്. എൻ. ട്രസ്ററുപടിക്കൽ കൂട്ട ഉപവാസം

ചർച്ചചെയ്തംഗീകരിച്ച സ്ഥലംമാററ മാനദണ്ഡങ്ങൾ ഉടൻ പ്രസിദ്ധീകരിക്കണമെന്നും, അതനുസരിച്ചുള്ള പൊതുസ്ഥലംമാററങ്ങൾ എത്രയുംവേഗം നടപ്പാക്കണമെന്നും ആവശ്യപ്പെട്ടുകൊണ്ട്, ശ്രീനാരായണ കോളേജുകളിലെ അദ്ധ്യാപകർ എസ് എൻ ട്രസ്ററുപടിക്കൽ രണ്ടു ദിവസം കൂട്ട ഉപവാസം നടത്തി മാർച്ച് 11-ാം തീയതി രാവിലെ പത്തുമണിക്കാരംഭിച്ച നിരാഹാരസത്യാഗ്രഹം എ. കെ. പി. സി. ടി. എ. പ്രസിഡണ്ട് ശ്രീ ജോർജ്ജ് സെബാസ്ററ്യൻ ഉൽഘാടനം ചെയ്തു വിവിധ എസ് എൻ കോളേജുകളിൽ നിന്നായി 18 അദ്ധ്യാപക പ്രതിനിധികൾ ഉപവാസ സത്യാഗ്രഹത്തിൽ പങ്കെടുത്തു. കേരളത്തിന്റെ വടക്കെ അററം മുതൽ തെക്കെ അററം വരെയുള്ള നിരവധി കോളേജുകളിലെ അദ്ധ്യാപകർ സത്യാഗ്രഹ പന്തലിൽ എത്തിച്ചേരുകയും അനുഭാവസത്യാഗ്രഹം അനുഷ്ഠിക്കുകയും ചെയ്തു. എ കെ പി സി ടി എ ജനറൽ സെക്രട്ടറി ശ്രീ ടി. എൻ. രാമൻ പിള്ള, എസ് എൻ കോ-ഓർഡിനേഷൻ സെക്രട്ടറി ശ്രീ. എസ്. സുധീഷ് എന്നിവർസത്യാഗ്രഹികളെ അഭിസംബോധന ചെയ്തു സംസാരിച്ചു. വിവിധ ട്രേഡ് യൂണിയൻ—സർവ്വീസ് സംഘടനാ പ്രതിനിധികൾ, വിദ്യാർത്ഥി ബഹുജന സംഘടനാ പ്രതിനിധികൾ എന്നിവർ സത്യഗ്രഹപ്പന്തലിൽ എത്തിച്ചേർന്ന് അഭിവാദ്യം അർപ്പിക്കുകയുണ്ടായി.

തങ്ങൾ ഉന്നയിച്ചിരിക്കുന്ന ആവശ്യങ്ങൾ മാനേജ്മെൻറ് അംഗീകരിക്കാത്തപക്ഷം, അനിശ്ചിതകാല നിരാഹാര സത്യാഗ്രഹം ഉൾപ്പെടെയുള്ള അതിശക്തമായ സമരപരിപാടികൾ വരുന്ന ഏപ്രിൽ മാസത്തോടെ ആരംഭിക്കുമെന്ന് സംഘടനാ നേതാക്കൾ മുന്നറിയിപ്പു നൽകി. രണ്ടു ദിവസം തുടർച്ചയായി നടത്തിയ കൂട്ട നിരാഹാര സത്യഗ്രഹം 12-ാം തീയതി വൈകുന്നേരം 5 മണിയോടെ സമാപിച്ചു. കേരളാ ഗസററഡ് ഓഫീസേഴ്സ് അസോസിയേഷൻ ജനറൽ സെക്രട്ടറി ഡോക്ടർ. എൻ. എം. മുഹമ്മദാലി സത്യഗ്രഹികൾക്ക് നാരങ്ങാനീരു നൽകുകയും, ഉപവാസം അവസാനിപ്പിച്ചതായി പ്രഖ്യാപിക്കുകയും ചെയ്തു. □

---

# പ്രൊഫ. ആൻറണിക്ക് അനുമോദനങ്ങൾ



കൊല്ലം ഫാത്തിമാ കോളേജ് ഇംഗ്ലീഷ് അധ്യാപകൻ പ്രൊഫ. എ. ആൻറണിക്ക് കേരള സർവ്വകലാശാലയിൽനിന്നും ഡോക്ടറേററ് ലഭിച്ചു. എ കെ പി സി ടി എ പ്രവർത്തക സമിതിയംഗം, സിൻഡിക്കേററംഗം എന്നീ നിലകളിൽ പ്രവർത്തിച്ചിട്ടുള്ള നേതാവാണ് പ്രൊഫ. ആൻറണി.

# വിരമിക്കുന്ന അധ്യാപകർ




പ്രൊഫ. ജെ. പത്മകുമാരി
വി. ടി. എം കോളേജ്
ധനുവച്ചപുരം



പ്രൊഫ. എ. എസ്. ശിവരാമൻ
എൻ. എസ്. എസ്. കോളേജ്
മഞ്ചേരി



പ്രൊഫ. കെ. രാജശേഖരൻ നായർ
എം. ജി. കോളേജ്
തിരുവനന്തപുരം



പ്രൊഫ. ചെറുകുന്നം പുരുഷോത്തമൻ
എൻ. എസ്. എസ്. കോളജ്
പന്തളം



പ്രൊഫ. ഇ. എസ്. ശശിധരപ്പണിക്കർ
ഹിന്ദുകോളേജ്
ചങ്ങനാശ്ശേരി



പ്രൊഫ. ടി. ജി. രാമചന്ദ്രപ്പണിക്കർ
എൻ. എസ്. എസ്. കോളേജ്
വാഴൂർ

---

## RRC ഫണ്ട് ഒന്നരലക്ഷം കവിഞ്ഞു

എ കെ പി സി ടി എ യുടെ സമുന്നത നേതാവായിരുന്ന പ്രൊഫ. ആർ. ആർ. സി. യുടെ കുടുംബത്തെ സഹായിക്കാൻ സംഘടന ആഹ്വാനം ചെയ്തിരുന്ന ഫണ്ടിലേക്ക് ഒന്നരലക്ഷത്തിലധികം രൂപ ഇതുവരെ പിരിഞ്ഞു കിട്ടിയിട്ടുണ്ട്.

മാർച്ച് 27, 28 തീയതികളിൽ കോട്ടയത്തു നടക്കുന്ന സംസ്ഥാന സമ്മേളനത്തിൽ വച്ച് ഈ ഫണ്ട് കുടുംബത്തെ ഏല്പിക്കുന്നതാണ്. ഒരു ലക്ഷത്തിൽ കുറയാത്ത തുക പിരിക്കാനായിരുന്നു സംഘടനയുടെ തീരുമാനം.

GOVERNMENT OF KERALA

Abstract

Allowance—Dearness Allowance—Revisions with effect from 1-7-1991 in the case of those drawing basic pay above Rs. 3500 per month and with effect from 1-1-1992 and 1-7-1992 in the case of all Employees—Orders issued

Finance (P. R. U.) Department

G. O. (P) No. 211/93/ Fin. Dated, Thiruvananthapuram, 15th March, 1993.

*Read*:—

1. G. O. (P) No. 432/91/Fin dated 24-7-1991.
2. G. O. (P) No. 364/92/Fin. dated 15-4-1992.
3. O. M. (F) No. 1(1)/92-E IIB dated 7-4-1992 of Ministry of Finance, Government of India.
4. O. M. (F) No. 1 (31) 92-E IIB dated 29-9-1992 of Mlorstry of Finance, Government of India.

ORDER

Government are pleased to order that the rates of Dearness Allowance to Government employees, staff of Aided Schools, Private Colleges and Polytechnics full time employees borne on the contingent and work charged establishments and employees of Local Bodies will be revised with effect from 1-7-1991 in the case of employees drawing basic pay above Rs. 3500 per month, from 1-1-1992 and 1-7-1992 in the case of all employees, as shown below:—

| *Date from which payable* | *Pay range* | *Rate of Deraness Allowance pe month* |
|---|---|---|
| (1) | (2) | (3) |
| (i) 1-7-1991 | Basic pay above Rs 3500 per month and upto Rs. 6000 per month | 45% of pay subject to a minimum of Rs 2100 |
| | Basic pay above Rs. 6000 p.m. | 39% of pay subject to a minimum of Rs. 2700 |
| (ii) 1-1-1992 | Basic pay upto Rs. 3500 per month | 71% of pay |
| | Basic pay above Rs. 3500 p.m and upto Rs. 6000 p.m. | 53% of pay subject to a minimum of Rs. 2485 |
| | Basic pay above Rs. 6000 p.m. | 46% of pay subject to a minimum of Rs. 3180 |
| (iii) 1-7-1992 | Basic pay upto Rs. 3500 p. m. | 83% of pay |
| | Basic pay above Rs. 3500p.m, and upto Rs. 6000 p. m. | 62% of pay subject to a minimum of Rs. 2905 |
| | Basic pay above Rs. 6000p.m. | 54% of pay subject to a minimum of Rs. 3720. |

# A K P C T A

35–ാം സംസ്ഥാന സമ്മേളനം.

കോട്ടയം

'93 മാർച്ച് 22, 23, 25, 26 ദിവസങ്ങളിൽ സെമിനാറുകൾ

പുത്തൻ സാമ്പത്തികനയം
ഡങ്കൽ നിർദ്ദേശങ്ങളും
പ്രത്യാഘാതങ്ങളും
കലാലയ രാഷ്ട്രീയം
മതേതരത്വം നേരിടുന്ന
വെല്ലുവിളികൾ
വനിതാ സമ്മേളനം

പങ്കെടുക്കുന്നവർ

പ്രൊഫ. എം. കെ. സാനു, കുമരകം ശകുണ്ണിമേനോൻ, എൻ. എം. ജോസഫ് കെ. എൻ. ഹരിലാൽ, പി. ജി. പത്മനാഭൻ, ജെ. ലളിതാംബിക. I. A. S. എം. കെ. കമലമ്മ, അന്നമ്മ ജോസഫ്, സേതു ലക്ഷ്മി, പി. രവീന്ദ്രനാഥ്, പി. വി. കുര്യൻ, പാലീത്ര നാരായണൻ, ഡോ. മാത്യു കുര്യൻ, ടി. കെ. രാമകൃഷ്ണൻ നായർ, ഡോ. രാജൻ ഗുരുക്കൾ, ഡോ. എൻ. വി. പി. ഉണിത്തിരി, റവ: ഡോ. ജേക്കബ് കുര്യൻ, ജി. മാധവൻ നായർ.

---

**അന്താരാഷ്ട്ര വനിതാ പുരസ്കാരം നേടിയ**
**ഡോ. എറ്റി ജോർജിന് സ്വീകരണം**

---

8. The followiug categories of employees will be paid arrears of Dearness Allowance in cash:—

(i) Those who have retired since 1-7-1991 and those who will be retiring during the perlod till 31-8-1993;

(ii) Those who have opted not to subscribe to the Provident Fund Acconut during the last one year of their service prior to retlrement;

(iii) Those in whose case, it is not obligatory to maintain Provident Fund Account;

(iv) Part-time teachers and part-time contingent employees.

By order of the Governor.

M. Mohana Kumar,

*Commissioner & Secretary (Finance)*

# തിരുവനന്തപുരം ജില്ലാസമ്മേളനം



എ കെ പി സി ടി എ തിരുവനന്തപുരം ജില്ലാസമ്മേളനം പ്രൊഫ. ബി. രാജീവൻ ഉദ്ഘാടനം ചെയ്യുന്നു. വേദിയിൽ: ജെ. രാജൻ, ആർ. മോഹനകൈമൾ, ബി. കെ. വിശ്വംഭരൻ നായർ, ടി. എൻ. രാമൻപിള്ള

എ. കെ. പി. സി. ടി. എ. യുടെ തിരുവനന്തപുരം ജില്ലാസമ്മേളനം മാർച്ച് 13-ാം തീയതി ശനിയാഴ്ച തോമസ് ജോർജ് നഗറിൽ (ചെമ്പഴന്തി എസ്. എൻ. കോളേജ്) വച്ചു നടന്നു.

എ. കെ. പി. സി. ടി. എ യുടെ സജീവ പ്രവർത്തകനായിരുന്ന പ്രൊഫ: തോമസ് ജോർജിന് ആദരാഞ്ജലികൾ അർപ്പിച്ചുകൊണ്ടാണ് സമ്മേളനം ആരംഭിച്ചത്. ജില്ലാ പ്രസിഡൻറ് പ്രൊഫ: ആർ. മോഹന കൈമളുടെ അദ്ധ്യക്ഷതയിൽ ചേർന്ന സമ്മേളനം പ്രമുഖ സാഹിത്യ സാംസ്കാരിക നായകനായ പ്രൊഫ: ബി. രാജീവൻ ഉദ്ഘാടനം ചെയ്തു. കേരളത്തിലെ ഉന്നത വിദ്യാഭ്യാസ രംഗത്ത് കൂടുതൽ പ്രതിസന്ധി ഉണ്ടാക്കുന്നതിനിടവരുത്തുന്ന ഏകീകൃത സർവ്വകലാശാലാനിയമത്തിൻെറ അപകടങ്ങൾക്കെതിരെ ഉദ്ഘാടകൻ മുന്നറിയിപ്പു നൽകി. പുത്തൻ ലോകക്രമത്തിൻെറ പേരിൽ മുതലാളിത്തം നടത്തികൊണ്ടിരിക്കുന്ന ചൂഷണത്തിനും മൂല്യധ്വംസനത്തിനുമെതിരെ ഇതര ജനവിഭാഗങ്ങളോടൊത്ത് അദ്ധ്യാപകർ പോരാടേണ്ടതിൻെറ ആവശ്യകത അദ്ദേഹം ഊന്നിപ്പറഞ്ഞു.

അദ്ധ്യാപക സർവീസ് സംഘടനാ ഐക്യ സമര സമിതി ജില്ലാ കൺവീനർ ബി. കെ. വിശ്വംഭരൻ നായർ, എ. കെ. ജി. സി. ടി. ജില്ലാ സെക്രട്ടറി പ്രൊഫ. ജെ. രാജൻ എന്നിവർ ആശംസകൾ അർപ്പിച്ചു. ജില്ലാ സെക്രട്ടറി പ്രൊഫ; മോഹൻ കുമാർ അവതരിപ്പിച്ച പ്രവർത്തന റിപ്പോർട്ട് അംഗങ്ങളുടെ സജീവ ചർച്ചയ്ക്ക് വിഷയീഭവിച്ചു. നിർദ്ദിഷ്ട ഏകീകൃത സർവകലാശാലാനിയമത്തിനെതിരെ അംഗങ്ങൾ ശക്തിയായി പ്രതിഷേധിച്ചു.

ഉച്ചയ്ക്കുശേഷം, ജില്ലയിലെ വിവിധ കോളേജുകളിൽ നിന്നും ഈവർഷം റിട്ടയർ ചെയ്യുന്ന എ. കെ. പി. സി. ടി. എ അംഗങ്ങൾക്കു യാത്ര അയപ്പു നൽകി ഇതു സംബന്ധിച്ചു നടന്ന സമ്മേളനം പ്രൊഫ: ആർ. സുന്ദരേശൻ നായർ ഉദ്ഘാടനം ചെയ്തു. സംഘടനയുടെ ജനറൽ സെക്രട്ടറി പ്രൊഫ: ടി. എൻ. രാമൻപിള്ള, എ. ഐ. എഫ്. യു. സി. ററി. ഒ. സെക്രട്ടറി പ്രൊഫ: എസ്. വിശ്വനാഥൻ തുടങ്ങിയവർ ആശംസകളർപ്പിച്ചുകൊണ്ട് സംസാരിച്ചു. ☐

**Kerala private college teacher**

monthly journal of the all kerala private college teachers' association

No. 110 R. No: 350 5/81 Registered No. KLTV(N) 35

# AKPCTA

# 35-ാം സംസ്ഥാന സമ്മേളനം

## കോട്ടയം മാമൻമാപ്പിള ഹാളിൽ

## 1993 മാർച്ച് 27,28

### മാർച്ച് 22 മുതൽ 26വരെ സെമിനാറുകൾ

വിദ്യാഭ്യാസ സമ്മേളനം ക്ഷേമനിധി വിതരണം

യാത്ര അയപ്പ് തെരഞ്ഞെടുപ്പ്

## മാർച്ച് 27ന് വമ്പിച്ച പ്രകടനം

Printed and published by v. narayanankutty at chempaka printers trivandrum-4. phone: 442127 chief editor: k sukumaran nair